# തിരുഹൃദയ മാസിക

(Sacred Heart Monthly)

Vol. 83
2018 May

83
Years of
Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press
Building
K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- കൂരിയവാർത്തകൾ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  കെ.സി.വൈ.എൽ.
  വൊക്കേഷൻ കമ്മീഷൻ
- കാർട്ട്
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- കെ.സി.ഡബ്ല്യു.എ
- കെ.സി.സി.
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 220

**ദൈവവിളി ക്യാമ്പുകൾ 2018**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:28-03-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

മദ്ധ്യവേനൽ അവധി തുടങ്ങുന്ന സമയത്ത് നാം ദൈവവിളി ക്യാമ്പുകൾ നടത്തുന്നത് പതിവാണല്ലോ. നമ്മുടെ അതിരൂപതയിൽ സമർപ്പിത ജീവിതത്തിലേക്കുള്ള പ്രാഥമിക തിരഞ്ഞെടുപ്പുകൾ ദൈവ വിളി ക്യാമ്പുകളിലൂടെയാണ് നടത്തിവരുന്നത്.

2018 ഏപ്രിൽ 16 മുതൽ 21 വരെ നമ്മുടെ അതിരൂപതയിൽ ദൈവ വിളി ക്യാമ്പുകൾ നടത്തപ്പെടുകയാണ്. 16,17,18 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ആൺകുട്ടികൾക്കുവേണ്ടിയും ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് പെൺകുട്ടികൾക്കുവേണ്ടിയും 19,20,21 തീയതികളിൽ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് ആൺകു ട്ടികൾക്കുവേണ്ടിയും ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് പെൺകു ട്ടികൾക്കു വേണ്ടിയുമുള്ള ദൈവവിളി ക്യാമ്പുകൾ നടത്തപ്പെടുന്നു. എസ്.എസ്.എൽ.സി പരീക്ഷ എഴുതിയവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരും സമർപ്പിത ജീവിതത്തിലേക്ക് ആഭിമുഖ്യമുള്ള വരുമാണ് ഈ ക്യാമ്പുകളിൽ സംബന്ധിക്കേണ്ടത്.

ദൈവവിളിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്ന സമയമാണിത്. ദൈവം ഓരോ വ്യക്തിയെയും ഓരോ ദൗത്യത്തിനായി വിളിക്കു ന്നുണ്ട്. ഓരോരുത്തരെയും കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വ്യത്യ സ്തമായിരിക്കും. വിശുദ്ധ ഗ്രന്ഥത്തിലും സഭാചരിത്രത്തിലും കാണു ന്ന ഓരോ വിളിയുടെയും ലക്ഷ്യം ദൈവത്തിന്റെ സഭയെ പടുത്തു യർത്തുകയും സാക്ഷ്യം നൽകിക്കൊണ്ട് ജീവിക്കുകയും ചെയ്യുക എന്നതാണ്. ഓരോരുത്തരെയും കുറിച്ചുള്ള ദൈവത്തിന്റെ ഹിതം നിറവേറ്റുമ്പോഴാണ് നമ്മുടെ ജീവിതം സഫലമാകുന്നത്. പലതരം ദൈവവിളികൾ ഉണ്ടെങ്കിലും സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവ വിളിയാണ് നാം ഇപ്പോൾ പ്രത്യേകമായി അനുസ്മരിക്കുന്നത്.

സമർപ്പിത ജീവിതത്തിലേക്കുള്ള വിളി വലിയ ഒരു പ്രതിസന്ധിയെ നേരിടുന്ന കാലമാണ്. ദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണത്തിലും ഗുണനിലവാരത്തിലും ഇടിവു സംഭവിച്ചുവെന്ന് പൊതു അഭിപ്രായമുണ്ടെങ്കിലും നമ്മുടെ അതിരൂപത ഇപ്പോഴും ഇക്കാര്യത്തിൽ മുൻപന്തിയിലാണ് എന്നത് ആശാവഹമാണ്. ദൈവവിളി ഒരു ദൈവിക പ്രവൃത്തിയാണ്. അതൊരു മാനുഷിക പ്രവൃത്തിയല്ല. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് (യോഹ 15: 16)". ദൈവത്തിന്റെ വിളിയും മനുഷ്യന്റെ മറുപടിയുമാണത്. നമ്മെ വിളിക്കുന്ന ദൈവത്തിന്റെ സ്വരം ലോകത്തിന്റെ ശബ്ദങ്ങളിൽ നിന്നും തിരിച്ചറിയുവാൻ കുട്ടികളെയും യുവജനങ്ങളെയും സഹായിക്കുകയും ദൈവത്തിന്റെ വിളിക്ക് മറുപടി നൽകുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യണം. ഈ കടമ ക്രൈസ്തവ സമൂഹം മുഴുവന്റെയും ഉത്തരവാദിത്വമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (വൈദിക പരിശീലനം 2) നമ്മെ ഉദ്ബോധിപ്പിക്കുന്നു.

കത്തോലിക്കാ വിശ്വാസത്തിലും സമുദായ സ്നേഹത്തിലും നമ്മുടെ കുടുംബങ്ങളെ വളർത്തുന്നതിൽ നമുക്ക് അനേകം സമർപ്പിതരെ ആവശ്യമുണ്ട്. സുവിശേഷവാഹകരായി, സുവിശേഷ ദൗത്യവുമായി കേരളത്തിലേക്കും മലബാറിലേക്കും കുടിയേറിയ നമ്മുടെ പൂർവ്വികരെപ്പോലെ അനേകം ക്നാനായ മക്കൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന നമ്മുടെ സമൂഹങ്ങൾക്ക് നോർത്ത് അമേരിക്കയിലും ഇംഗ്ലണ്ടിലും ക്നാനായ മിഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം വൈദികരെയും സന്യസ്തരെയും അയയ്ക്കണമെങ്കിൽ നമുക്ക് അനേകം സമർപ്പിത വിളികൾ ആവശ്യമുണ്ട്. സഭയുടെ വിവിധങ്ങളായ ശുശ്രൂഷ മേഖലകളിലൂടെ ഈശോയുടെ സുവിശേഷ പ്രഘോഷണ ദൗത്യം ക്നാനായ സമൂഹത്തിൽ പിന്തുടരാൻ ധാരാളം യുവതീയുവാക്കൾ സന്നദ്ധരാകാൻ ഏവരും പ്രാർത്ഥിക്കണം.

ഈശോ ഈ ഭൂമിയിൽ നിർവ്വഹിച്ച ദൗത്യം തുടരാനാണ് ഇന്നും ദൈവം മനുഷ്യനെ വിളിക്കുന്നത്. ആ ദൗത്യം എന്തെന്ന് കർത്താവ് വി. ലൂക്കായുടെ സുവിശേഷത്തിൽ 4:18-19 ൽ പറയുന്നുണ്ടല്ലോ. പ്രേഷിത തീഷ്ണതയോടെ ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന്

സുവിശേഷം ധൈര്യപൂർവ്വം പ്രഘോഷിക്കാൻ ഇന്നും ദൈവം മനുഷ്യരെ വിളിക്കുന്നു. ദൈവത്തിന്റെ ഈ വിളി തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുന്നവരെ ദൈവം തന്റെ പ്രത്യേക നിയോഗം ഭരമേൽപ്പിക്കുന്നു.

ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി അതിരൂപതയിൽ നടത്തുന്ന എല്ലാ ഉദ്യമങ്ങളെയും പ്രാർത്ഥനയും സഹകരണവും വഴി വിജയിപ്പിക്കണം. "വിളവധികം വേലക്കാരോ ചുരുക്കം, അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ" (മത്താ 9:37-38). വിളിക്കുന്നവൻ ദൈവമാണ്, വിളവ് നൽകുന്നതും ദൈവമാണ്. വേലക്കാരാവുന്നത് ആ വിളിയോട് പ്രത്യുത്തരിക്കുന്ന മനുഷ്യരാണ്.

അതിരൂപതയിൽ നടത്തുന്ന ദൈവവിളി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ ഒരുക്കി പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും മാതാപിതാക്കളും മതാദ്ധ്യാപകരും ശ്രമിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ദൈവവിളി പരിപോഷണത്തിനായി പരിശ്രമിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

2. ദൈവവിളി ക്യാമ്പുകൾ ആദ്യദിവസം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് അവസാനദിവസം രാവിലെ 10 മണിക്ക് സമാപിക്കുന്നതാണ്.

3. ക്യാമ്പിന് വരുന്നവർ ബഹു. വികാരിയച്ചന്റെ എഴുത്തും രജിസ്ട്രേഷൻ ഫീസായി 400 രൂപയും കൊണ്ടുവരേണ്ടതാണ്.

Ref: 3080/K-5/KCBC/OL/DS 26.3.2018

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ**
**തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2018

## *തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിത

ത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെല വഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശത മാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാ രിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാ ത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസം ഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണ നീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസം ഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായി ക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്ക മില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായരം ഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാ രണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരി ക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊ ണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർ ദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാ ക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തു വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്ന രാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറ ത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴി ലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം

വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു." (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലിമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധതികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്ന

താണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനു ശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യ കാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാനസർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭ

വിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference....of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം

തൊഴിലാളികൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു

താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കൂരിയ വാർത്തകൾ

## വൈദിക നിയമനങ്ങൾ

| | |
|---|---|
| റവ. ഫാ. അച്ചിറത്തലയ്ക്കൽ ബൈജു | - കാഞ്ഞങ്ങാട് |
| റവ. ഫാ. ആദോപ്പിള്ളിൽ തോമസ് | - കരിങ്കുന്നം |
| റവ. ഫാ. ഐക്കര ജീസ് | - കുറ്റൂർ & ഓതറ |
| റവ. ഫാ. ആനിമൂട്ടിൽ ഫിലിപ്പ് | - മ്രാല |
| റവ. ഫാ. ആവണിക്കുന്നേൽ ജിനു | - തിരൂർ & മാങ്കുഴി |
| റവ. ഫാ. ചക്കാലയ്ക്കൽ ജോസ് | - എൻ. ആർ. സിറ്റി |
| റവ. ഫാ. ചക്കുങ്കൽ ചാക്കോ | - വൈസ് റെക്ടർ & ഫോർത്ത് ഇയർ ഇൻ ചാർജ്, മൈനർ സെമിനാരി |
| റവ. ഫാ. ചാഴിശ്ശേരിൽ മാത്യു | - കാരിത്താസ് & ഡയറക്ടർ, പാസ്റ്ററൽ കെയർ |
| റവ. ഫാ. ചീക്കപ്പാറ സ്റ്റീഫൻ | - എച്ചോം & കോട്ടത്തറ |
| റവ. ഫാ. ചെമ്മാന്തറ തോമസ് | - റിലീവ്ഡ് |
| റവ. ഫാ. ചേരോലിക്കൽ ഷാജി | - ചുള്ളിയോട്, അമരമ്പലം & മുണ്ടേരി |
| റവ. ഫാ. ചേത്തലിൽ ബിൻസ് | - യു.എസ്.എ. |
| റവ. ഫാ. ചിറപ്പുറത്ത് സനൽ | - ചക്കുപള്ളം |
| റവ. ഫാ. ഇറപുറത്ത് ദിപു | - കടബ |
| റവ. ഫാ. ഈഴാറാത്ത് ജോസഫ് | - അറുനൂറ്റിമംഗലം |
| റവ. ഫാ. കമുകുമ്പാറയിൽ ജോൺ | - അസിസ്റ്റന്റ് ഉഴവൂർ |
| റവ. ഫാ. കണ്ടോത്ത് ബിബിൻ | - സെക്രട്ടറി, മാസ്സ് & ചാപ്ലയിൻ, KCYL മലബാർ റീജിയൺ |
| റവ. ഫാ. കാഞ്ഞിരത്തുംമൂട്ടിൽ സുജിത്ത് | - പൂഴിക്കോൽ |
| റവ. ഫാ. കാഞ്ഞിരത്തുംമൂട്ടിൽ റോയി | - ഡയറക്ടർ, KCSL & ഹോളി ചൈൽഡ്ഹുഡ് (Inaddition) |
| റവ. ഫാ. കപ്പുകാലായിൽ ജോർജ് | - അരീക്കര |
| റവ. ഫാ. കരിമ്പുംകാലായിൽ തോമസ് | - ഏറ്റുമാനൂർ |
| റവ. ഫാ. കാരിപ്ലാക്കിൽ ജോൺ | - പന്നിയാൽ |
| റവ. ഫാ. കൊച്ചാദംപള്ളിൽ ബിജോ | - അസി. ഡയറക്ടർ, ചൈതന്യ പാസ്റ്ററൽ സെന്റർ, ഡയറക്ടർ, കാറ്റക്കിസം കമ്മീഷൻ, ചെയർമാൻ, ലിറ്റർജി കമ്മീഷൻ & കോ-ഓർഡിനേറ്റർ, ചൈതന്യ കമ്മീഷൻസ്. |

| | |
|---|---|
| റവ. ഫാ. കൊച്ചേരിൽ ഡാലിഷ് | - അസിസ്റ്റന്റ് അരീക്കര |
| റവ. ഫാ. കൊച്ചുപറമ്പിൽ ലിജോ | - ശ്രീപുരം സ്കൂൾ & ഡയറക്ടർ, കാറ്റക്കിസം കമ്മീഷൻ മലബാർ റീജിയൺ. |
| റവ. ഫാ. കൊച്ചുപറമ്പിൽ ഷഞ്ചു | - വൈസ് റെക്ടർ, MSP |
| റവ. ഫാ. കുളക്കാട്ടുകുടിയിൽ മാത്തുക്കുട്ടി | - കോഴിക്കോട് & ചെയർമാൻ, പയസ് അസോസിയേഷൻസ് മലബാർ റീജിയൺ |
| റവ. ഫാ. കൂട്ടക്കല്ലുങ്കൽ ചാക്കോ | - എറണാകുളം |
| റവ. ഫാ. കോന്തനാനിക്കൽ മനു | - നെല്ലിയാടി |
| റവ. ഫാ. കുന്നക്കാട്ടുതടത്തിൽ ജോമോൻ | - തടിയമ്പാട്, ജോയിന്റ് സെക്രട്ടറി, ജി.ഡി.എസ് & ഡയറക്ടർ, മരിയസദൻ ആനിമേഷൻ സെന്റർ |
| റവ. ഫാ. കുരിശുംമൂട്ടിൽ ജോർജ് | - റാന്നി & ഐത്തല |
| റവ. ഫാ. മണക്കാട്ട് മാത്യു | - പിറവം |
| റവ. ഫാ. മാങ്കോട്ടിൽ ബിനീഷ് | - അട്ടപ്പാടി |
| റവ. ഫാ. മേക്കര ജേക്കബ് ഒ.എസ്.എച്ച് | - കൊട്ടോടി |
| റവ. ഫാ. മേക്കര ജേക്കബ് | - രാജ്കോട്ട് |
| റവ. ഫാ. മേക്കാട്ടേൽ സജി | - പാഴുത്തുരുത്ത് |
| റവ. ഫാ. മുകളേൽ ഷാജി | - കല്ലറ ന്യൂ |
| റവ. ഫാ. മുളവനാൽ ജോസഫ് | - വാകത്താനം |
| റവ. ഫാ. മുയൽക്കല്ലിങ്കൽ അരുൺ | - ഐറോഡ് |
| റവ. ഫാ. നെടുങ്ങാട്ട് ജോസ് | - ഡയറക്ടർ, ബറുമറിയം പാസ്റ്ററൽ സെന്റർ & ശ്രീപുരം |
| റവ. ഫാ. നീർപ്പാറമലയിൽ സ്റ്റാബിൻ | - ബൈസൻവാലി |
| റവ. ഫാ. നെല്ലിക്കാക്കണ്ടത്തിൽ ജിജോ | - പ്രൊഫസർ, മംഗലപ്പുഴ സെമിനാരി, ആലുവ |
| റവ. ഫാ. പാറടിയിൽ അബ്രഹാം | - വാരപ്പെട്ടി |
| റവ. ഫാ. പറമ്പേട്ട് അബ്രഹാം | - കടുത്തുരുത്തി |
| റവ. ഫാ. പട്ടത്തേട്ട് ജെയിംസ് | - തുരുത്തിക്കാട് & ഇരവിപേരൂർ |
| റവ. ഫാ. പാറ്റിയാൽ ജോർജ് | - ചുള്ളിക്കര |
| റവ. ഫാ. പെരുമാനൂർ സുനിൽ | - റിലീവ്ഡ് മാസ്സ് |
| റവ. ഫാ. പൂതൃക്കയിൽ ലൂക്ക് | - മടമ്പം |
| റവ. ഫാ. പുല്ലുവട്ടത്ത് റെജി | - മൈക്കിൾഗിരി |

| | |
|---|---|
| റവ. ഫാ. പുതുപ്പറമ്പിൽ ജോസഫ് | - റിലീവ്ഡ് |
| റവ. ഫാ. പുഴക്കരോട്ട് ജോസഫ് | - റിലീവ്ഡ് |
| റവ. ഫാ. രാമച്ചനാട്ട് സതീഷ് | - റിലീവ്ഡ് |
| റവ. ഫാ. രാമച്ചനാട്ട് ഫിലിപ്പ് | - ഇരവിമംഗലം |
| റവ. ഫാ. തറപ്പുതൊട്ടിയിൽ ജോസ് | - സെക്രട്ടറി, പാവന പാസ്റ്ററൽ സെൻ്റർ, മാനന്തവാടി |
| റവ. ഫാ. തേക്കുംകാട്ടിൽ സ്റ്റിജോ | - പുളിഞ്ഞാൽ |
| റവ. ഫാ. തൊടുകയിൽ ഫിലിപ്പ് | - റിട്ടേർഡ് |
| റവ. ഫാ. ഊന്നുകല്ലേൽ ജോർജ്ജ് | - കൊട്ടൂർവയൽ |
| റവ. ഫാ. വടക്കേക്കണ്ടംകരിയിൽ ജെയിംസ് | - ചേർപ്പുങ്കൽ & ജോയിൻ്റ് ഡയറക്ടർ, ഗുഡ് സമരിറ്റൻ സെൻ്റർ |
| റവ. ഫാ. വലിയപുത്തൻപുരയിൽ മാത്യൂസ് | - പേരൂർ & അസിസ്റ്റൻ്റ് സെക്രട്ടറി, KSSS |
| റവ. ഫാ. വെള്ളാപ്പള്ളിക്കുഴിയിൽ ജോസഫ് | - അസിസ്റ്റൻ്റ് കരിങ്കുന്നം |

2018 മെയ് 15-ാം തീയതി ഈ നിയമനം പ്രാബല്യത്തിൽ വരുന്നതാണ്.

## വൈദികരുടെ വാർഷിക ധ്യാനം

അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ 2018 ലെ വാർഷിക ധ്യാനം കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാകേന്ദ്രത്തിൽ ജൂലൈ 30 തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് ഓഗസ്റ്റ് 3 വെള്ളിയാഴ്ച 4 മണിക്ക് സമാപിക്കുന്നതാണ്.

## അതിരൂപതാ പ്രിസ്ബിറ്റേറിയം

അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ പ്രസ്ബിറ്റേറിയം വാർഷിക ധ്യാനത്തിന് മുന്നോടിയായി ജൂലൈ 30 ന് രാവിലെ 10 മണി മുതൽ 4 മണി വരെ തൂവാനിസയിൽ ചേരുന്നതാണ്.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസ്

## അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## May 2018

| Date | Programme |
|---|---|
| 1 | Haggai Leadership Camp |
| 1 | Kudumbasree Training |
| 1 | KCC Working Committee |
| 2-5 | RMSA Kottayam Camp |
| 4 | KSSS Animators' Meeting |
| 6 | ESULTIA Educational Training Programme |
| 7-10 | Catechism - Intensive Course |
| 7 | KSSS Mother's Day Observation |
| 7 | Educational Workshop |
| 7 | Kaipuzha Region SHG Leader's Training |
| 8 | KCWA Mother's Day Observation |
| 9-13 | Knanaya Stars Camp |
| 11-18 | KSSS Nai Roshni Leader's Training |
| 15 | Commission Chairman's Meeting |
| 17 | Pastoral Council and Presbyteral Council |
| 17-19 | Knanaya Stars Camp |
| 19 | KSSS Coordinators' Meeting |
| 21-22 | KSSS CBR Minnaminni Camp |
| 22 | PHD Holder's Meet |
| 22-25 | KSSS Nai Roshni Leader's Training |
| 27 | KCYL Senet Meeting |
| 28-31 | KSSS Nai Roshni Leader's Training |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **മെയ്** | | |
| ഏപ്രിൽ 29 - മെയ് 8 | സീലോഹേ | തൂവാനീസ |
| മെയ് 1 | കെ.സി.സി വർക്കിംഗ് കമ്മിറ്റി | ചൈതന്യ |
| മെയ് 7-10 | കാറ്റിക്കിസം - ഇന്റൻസീവ് കോഴ്സ് | ചൈതന്യ |
| മെയ് 8 | കെ.സി.ഡബ്ല്യു.എ മാതൃദിനാഘോഷം | ചൈതന്യ |
| മെയ് 15 | കമ്മീഷൻസ് ചെയർമാന്മാരുടെ മീറ്റിംഗ് | ചൈതന്യ |
| മെയ് 17 | പാസ്റ്ററൽ കൗൺസിൽ & പ്രിസ്ബിറ്ററൽ കൗൺസിൽ | ചൈതന്യ |
| മെയ് 27 | കെ.സി.വൈ.എൽ സെനറ്റ് മീറ്റിംഗ് | ചൈതന്യ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **മെയ്** | |
| മെയ് 1-8 | സീലോഹേ കോഴ്സ് |
| മെയ് 10-12 | വിവാഹ ഒരുക്ക കോഴ്സ് |
| മെയ് 13-17 | ആത്മജ്ഞാനാഭിഷേക ധ്യാനം |
| മെയ് 19-20 | ഏഞ്ചൽസ് ധ്യാനം |
| മെയ് 20 | ആദ്യാക്ഷരം കുറിക്കൽ (പന്തക്കുസ്താ) |
| മെയ് 20 - 24 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| മെയ് 27 - 31 | ആന്തരീക വിശുദ്ധീകരണ ധ്യാനം |

# വിശ്വാസ പരിശീലന കമ്മീഷൻ

## ഇന്റൻസീവ് കോഴ്സ്

XI, XII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന ഇന്റൻസീവ് കോഴ്സ് മെയ് 7, 8, 9, 10 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

## സേ പരീക്ഷ

X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സേ പരീക്ഷ മെയ് 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 മണിവരെ ഏറ്റുമാനൂർ സെന്റ് ജോസഫ്സ് സൺഡേ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

## അതിരൂപതയിലെ ഏറ്റവും മികച്ച സൺഡേ സ്കൂളുകൾ

2017 -18 വർഷത്തിൽ കോട്ടയം അതിരൂപതയിലെ വിവിധ ഇടവകകളിലെ വിശ്വാസപരിശീലന കേന്ദ്രങ്ങൾ കമ്മീഷനംഗങ്ങൾ പരിശോധിച്ചതിന്റെ വെളിച്ചത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും മികച്ച നിലവാരം പുലർത്തിയ സൺഡേ സ്കൂളുകൾ.

**ഒന്നാം സ്ഥാനം - പെരിക്കല്ലൂർ, സെന്റ് തോമസ് സൺഡേ സ്കൂൾ**
**രണ്ടാം സ്ഥാനം - കരിപ്പാടം, സെന്റ് മേരീസ് സൺഡേ സ്കൂൾ**
**മൂന്നാം സ്ഥാനം -പിറവം, ഹോളി കിംഗ്സ് സൺഡേ സ്കൂൾ**

**A+ നേടിയ സൺഡേ സ്കൂളുകൾ**

1. കരിപ്പാടം, സെന്റ് മേരീസ് സൺഡേ സ്കൂൾ
2. പിറവം, ഹോളി കിംഗ്സ് സൺഡേ സ്കൂൾ
3. പറമ്പൻചേരി, സെന്റ് സ്റ്റീഫൻസ് സൺഡേ സ്കൂൾ
4. തോട്ടറ, സെന്റ് മേരീസ് സൺഡേ സ്കൂൾ
5. മാറിക, സെന്റ് ആന്റണീസ് സൺഡേ സ്കൂൾ
6 ഞീഴൂർ, ഇൻഫന്റ് ജീസസ് സൺഡേ സ്കൂൾ
7. എൻ.ആർ സിറ്റി, സെന്റ് മേരീസ് സൺഡേ സ്കൂൾ

**മലബാർ റീജിയൺ: A+ നേടിയ സൺഡേ സ്കൂളുകൾ**

1. പെരിക്കല്ലൂർ, സെന്റ് തോമസ് സൺഡേ സ്കൂൾ
2. ചുള്ളിക്കര, സെന്റ് മേരീസ് സൺഡേ സ്കൂൾ
3. പയ്യാവൂർ ടൗൺ, സെന്റ് ആൻസ് സൺഡേ സ്കൂൾ

4. രാജപുരം, ഹോളി ഫാമിലി സൺഡേ സ്കൂൾ
5. പുളിഞ്ഞാൽ, ക്രൈസ്റ്റ് ദ കിംഗ് സൺഡേ സ്കൂൾ

## സൺഡേസ്കൂൾ മത്സര പരീക്ഷ വിജയികൾ (2017 – 2018)

### STD X

I st അനർഘ സജി മുഖചിറയിൽ, കുറുമുള്ളൂർ

II nd ആൽബിൻ സ്റ്റാൻലി കവുന്നുംപാറയിൽ, ഇടക്കോലി

III rd അലീന റോസ് സജീവ് ആകശാലയിൽ, എച്ചോം

## സൺഡേസ്കൂൾ സ്കോളർഷിപ്പ് മത്സര പരീക്ഷ വിജയികൾ (2017 – 2018)

### STD VII

I st കൃപ സജി നടുപറമ്പിൽ, കരിങ്കുന്നം

II nd റിയ മനോജ് കണിയാറുകുഴിയിൽ, കരിങ്കുന്നം

III rd അലിയ ആൻ ടോം കാഞ്ഞിരപറമ്പിൽ, കണ്ടകശ്ശേരി

### STD IV

I st സ്റ്റീവ് സ്റ്റീഫൻ, സംക്രാന്തി

II nd മനാസെ ഷാജൻ ചേരിയിൽ, മടമ്പം

III rd തീർത്ഥ മേരി ടോം, കൈപ്പുഴ

## മോറൽ സയൻസ് സ്കോളർഷിപ്പ് മത്സര പരീക്ഷ വിജയികൾ (2017 – 2018)

### STD X

I st നന്ദന സുനിൽ, സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്, കരിങ്കുന്നം

II nd ശരണ്യ കെ., മേരിലാൻഡ് എച്ച്. എസ് മടമ്പം

III rd കാർത്തിക എസ്, സെന്റ് മർസെലിനാസ് എച്ച്. എസ് നട്ടാശ്ശേരി

### STD VII

I st കൃഷ്ണപ്രിയ സജി, സെന്റ് തോമസ് എച്ച്. എസ്, പുന്നത്തുറ

II nd അനിറ്റ വിൽസൺ, സെന്റ് മേരീസ് യു.പി.എസ്, കല്ലിശ്ശേരി

III rd അനഘ എൻ. എ, മേരിലാൻഡ് എച്ച്. എസ്, മടമ്പം

### STD IV

I st ദിയാ മാത്യു, സെന്റ് ജോസഫ് എൽ. പി.എസ്, ഞീഴൂർ

II nd ഐശ്വര്യ എസ്, സെന്റ് ആൻസ് എച്ച്.എസ്, കോട്ടയം

III rd അക്ഷയ കെ.എസ്, സെന്റ് തോമസ് യു. പി.എസ്, കുറുമുള്ളൂർ

## റെഗുലർ സ്കൂൾ കാറ്റിക്കിസം സ്കോളർഷിപ്പ് മത്സര പരീക്ഷ വിജയികൾ (2017–2018)

### STD X

I st ഡോണ ബിജു, സെന്റ് തോമസ് എച്ച്. എസ്, കല്ലറ
II nd അലീന സിറിൾ, സെന്റ് മർസെലിനാസ് എച്ച്.എസ്, നട്ടാശ്ശേരി
III rd സോണിയ ജോസഫ്, ഒ.എൽ.എൽ.എച്ച്.എസ്, ഉഴവൂർ

### STD VII

I st ലിഷ മരിയ, സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്, കരിങ്കുന്നം
II nd അലിയ ആൻ ടോം, സേക്രഡ് ഹാർട്ട് എച്ച്. എസ്, പയ്യാവൂർ
III rd അനീഷ കെ. എസ്, സെന്റ് മേരീസ് യു.പി.എസ്, മാലക്കല്ല്

### STD IV

I st ലിയോണ ബോബി, സെന്റ് ആന്റണീസ് എൽ. പി.എസ്, മാറിക
II nd ആരോൺ ബിജു, സേക്രഡ് ഹാർട്ട് എൽ.പി.എസ്, കുമരകം
III rd അൽന മാത്യു, കോൺസൊലേത്ത മെമ്മോറിയൽ എൽ.പി.എസ്, കുമരകം

### XII ക്ലാസ്സിലെ സ്പെഷൽ കോഴ്സ്

## SILOHEI - 2018

**BATCH 1- SILOHEI April 29th (3.00 Pm) - April 30th (4 pm)**

Neendoor, Kidangoor, Maridom, Areekara, Puthuvely, Ernakulam, Arunootimangalam, Eravimangalam, Muttom, Kumarakom, Samkranthi, East Nattassery, Caritas, Padamugham Forane

**BATCH 2 - SILOHEI May 1st (3.00 Pm) - May 2nd (4pm)**

Ettumanoor, Chamakala, Mattakara, Cherpunkal, Amanakara, Edakoly, Piravom, Kuruppanthara, Kaduthuruthy, Mrala, Parambancherry, Varapetty, Cathedral, Olessa

**BATCH 3- SILOHEI May 3rd (3.00 Pm) - 4th May (4 pm)**

Kallara old, Palathuruthu, Koodalloor, Uzhavoor, Karipadam, Kallara New, Marika, Neericadu, Makudalayam, Malloossery, Vadakummury

**BATCH 4 - SILOHEI May 5th (3.00 Pm) - 6th May (4 pm)**
Kaipuzha, Punnathura, Veliyanoor, Chettukulam, Mankidappally, Velloor, Pazhuthuruthu, Poozhikol, Memmury, Chunkom,Peroor, Pachira, Malankara Forane

**BATCH 5 - SILOHEI 7th May (3.00 Pm) - 8th May (4 pm)**
Kurumulloor, Mannanam, Cherukara, Kattachira, Monipally, Pious Mount, Ramamangalam, Njeezhoor, Kothanalloor, Thottara, Karimkunnam, Manakad, S.H Mount, Vakathanam. Kannamkara, Charamangalam, Veliyanadu

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

## മലബാർ റീജിയൺ

### ഫ്ളെയിം 2018 ആരംഭിച്ചു

മലബാർ റീജിയൺ +1, +2 വിദ്യാർത്ഥികൾക്കായുള്ള നാല് ദിവസം നീണ്ടുനിൽക്കുന്ന സഹവാസ ക്യാമ്പ് ഫ്ളെയിം 2018 ആരംഭിച്ചു. ആദ്യ ബാച്ചിന്റെ ഉദ്ഘാടനം മലബാർ റീജിയൺ മതബോധന കമ്മീഷൻ ചെയർമാൻ ഫാ. ബിൻസ് ചേത്തലിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ലിജോ കൊച്ചുപറമ്പിൽ, സി. മെർലിൻ എസ്.ജെ.സി എന്നിവർ സന്നിഹിതരായിരുന്നു. ബഹു. കുടുന്തയിൽ ജോർജ്ജ് അച്ചന്റെയും ഡോ. സുജിൻ തട്ടായത്തിന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിലുള്ള ടീം ആണ് ക്യാമ്പ് (സൈക്കോ സ്പിരിച്വൽ റിട്രീറ്റ്) നയിക്കുന്നത്.

ഏപ്രിൽ 26-29 തിയതികളിൽ പെരിക്കല്ലൂർ, രാജപുരം ഫൊറോനകളിലെ +1 വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പും ഏപ്രിൽ 29 മുതൽ മെയ് 2 വരെ മടമ്പം, ചങ്ങലിരി ഫൊറോനകളിലെ +2 വിദ്യാർത്ഥികൾക്കും മെയ് 2 മുതൽ 5 വരെ പെരിക്കല്ലൂർ,രാജപുരം ഫൊറോനകളിലെ +2 വിദ്യാർത്ഥികൾക്കായും ക്യാമ്പ് നടക്കും. മെയ് 8 മുതൽ 11 വരെ രണ്ടിലും പങ്കെടുക്കാത്ത +2 വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പ് സംഘടിപ്പിക്കും.

**ഫാ. ബിൻസ് ചേത്തലിൽ**
റീജിയണൽ ഡയറക്ടർ

# കരിസ്മാറ്റിക് കമ്മീഷൻ

## എഫ്ഫാത്ത

അതിരൂപതയിലെ വിശ്വാസ പരിശീലനം നേടുന്ന പ്ലസ് വൺ വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ കോഴ്സ് (എഫ്ഫാത്ത) ഏപ്രിൽ 2-ാം തീയതി മുതൽ ഏപ്രിൽ 28-ാം തീയതി വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

## സീലോഹേ

അതിരൂപതയിലെ വിശ്വാസ പരിശീലനം നേടുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ കോഴ്സ് (സീലോഹേ) കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## ദാമ്പത്യ വിജ്ഞാന സെമിനാർ

എൻ.ആർ സിറ്റി പള്ളിയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച് ദമ്പതികൾക്കായി ദാമ്പത്യ വിജ്ഞാന സെമിനാർ എൻ.ആർ സിറ്റി ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ദമ്പതികൾക്ക് തങ്ങളുടെ ജീവിതത്തെ നോക്കി കാണുവാനും വിലയിരുത്തുവാനും ദൈവസന്നിധിയിൽ തങ്ങളുടെ കുടുംബങ്ങളെ നവീകരിക്കുവാനും സഹായിക്കുന്ന ദാമ്പത്യ വിജ്ഞാന സെമിനാർ അതിരൂപത ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ നയിച്ചു.

## നേതൃത്വസംഗമം സംഘടിപ്പിച്ചു

സഭയുടെ അടിസ്ഥാനശിലയായ കുടുംബത്തെ ശാക്തീകരിക്കുന്നതോടൊപ്പം കുടുംബപ്രേഷിത പ്രവർത്തനങ്ങൾ മുഖമുദ്രയായി സ്വീകരിച്ചുകൊണ്ട് വിശ്വാസ ചൈതന്യത്തിൽ മുന്നേറാൻ സഹായിക്കുന്ന വനിതാ ദാമ്പത്യ സംഗമം കടുത്തുരുത്തി ഫൊറോന പള്ളിയിൽ അതിരൂപത ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ നയിച്ചു.

## വിവാഹ ഒരുക്ക സെമിനാർ

ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ഏപ്രിൽ 12, 13, 14 തീയതികളിൽ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെട്ടു.

മെയ് മാസത്തെ വിവാഹ ഒരുക്ക സെമിനാർ മെയ് 10 മുതൽ 12 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്.

## പ്രൊ – ലൈഫ് ദിനാചരണം സംഘടിപ്പിച്ചു

പ്രൊ-ലൈഫ് വാരാചരണത്തിന്റെ ഭാഗമായ കോട്ടയം അതിരൂപതയിൽ പ്രൊ-ലൈഫ് ദിനാചരണം സംഘടിപ്പിച്ചു. കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ സംഘടിപ്പിച്ച ദിനാചരണം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ അദ്ധ്യക്ഷത വഹിച്ചു. തൂവാനിസ ഡയറക്ടർ ഫാ. ജിബിൽ കുഴിവേലിൽ ഡോ. സിസ്റ്റർ മർസല്യൂസ് അനുസ്മരണ സന്ദേശം നൽകി. ജോർജ്ജ് അച്ചിറത്തലയ്ക്കൽ, ഡോ. സിസ്റ്റർ ലത എസ്.വി.എം, ഫാമിലി കമ്മീഷനംഗങ്ങൾ എന്നിവർ പങ്കെടുത്തു. ദിനാചരണത്തോടനുബന്ധിച്ച് ഏഴുമക്കളുള്ള ദമ്പതികളായ കുന്നശേരി തുമ്പനായിൽ ജോസ് തോമസ്-നദിയ ദമ്പതികളെ ആദരിച്ചു. ജീവന്റെ മൂല്യം, ലൈംഗിക ധാർമികത, ഉത്തരവാദിത്വ പൂർണമായ മാതൃത്വവും പിതൃത്വവും എന്നീ വിഷയങ്ങളിൽ സെമിനാറുകളും ലഘുലേഖകളുടെ വിതരണവും നടത്തപ്പെട്ടു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

മാർ കുര്യാക്കോസ് കുന്നശ്ശേരി മെമ്മോറിയൽ ക്വിസ് മത്സരം മെയ് 5-ാം തീയതി കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ സംഘടിപ്പിക്കുന്നു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

## കെ. സി. വൈ.എൽ.

### നേതൃത്വ പരിശീലന ക്യാമ്പ്

### (SPERANZA2K18)

കെ.സി.വൈ.എൽ കോട്ടയം അതിരൂപത സമിതിയും പടമുഖം ഫൊറോന സമിതിയും സംയുക്തമായി ഏപ്രിൽ 20, 21, 22 തീയതികളിൽ നേതൃത്വ പരിശീലന ക്യാമ്പ് SPERANZA2K18 തടിയമ്പാട് ഫാത്തിമമാതാ ദൈവാലയത്തിൽ നടത്തപ്പെട്ടു.

SPERANZA2K18 ഉദ്ഘാടനം ഇടുക്കി എം.പി ജോയ്സ് ജോർജ്ജ് നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ബിബീഷ് ഓലിക്കമുറിയിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ചാപ്ലെയിൽ ഫാ. സന്തോഷ് മുല്ലമംഗലത്ത് ആമുഖ സന്ദേശം നൽകി. ഫൊറോന വികാരി ഫാ.ബെന്നി കന്നുവെട്ടിയേൽ, ഫൊറോന ചാപ്ലെയിൻ ഫാ. ജോമോൻ കുന്നക്കാട്ട്തടത്തിൽ, യൂണിറ്റ് ചാപ്ലെയിൻ ഫാ. ജെയിംസ് വടക്കേകണ്ടംങ്കരിയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. പടമുഖം ഫൊറോന പ്രസിഡന്റ് ബോഹിത്ത് ജോൺസൺ സ്വാഗതവും യൂണിറ്റ് പ്രസിഡന്റ് ഷെൻജു രാജു നന്ദിയും അർപ്പിച്ചു.

തുടർന്ന് ഫാ. ജോയ് കറുകപറമ്പിൽ ക്നാനായ സമുദായത്തെക്കുറിച്ചും സേവ്യർ ദാസ് നേതൃത്വത്തെക്കുറിച്ചും ക്ലാസ്സുകൾ നയിച്ചു. പരിപാടികൾക്ക് അതിരൂപത, ഫൊറോന, തടിയമ്പാട് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## നേതൃത്വ പരിശീലന ക്യാമ്പ്
## SPERANZA (HOPE)

കെ.സി.വൈ.എൽ കോട്ടയം അതിരൂപത സമിതിയും മടമ്പം ഫൊറോനയും സംയുക്തമായി സംഘടിപ്പിക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് SPERANZA (HOPE) മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ മടമ്പം ഫൊറോന പ്രസിഡന്റ് ആൽബർട്ട് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഫാ. മാത്തുക്കുട്ടി കുളക്കാട്ടുകുടിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ചാപ്ലെയിൻ ഫാ ഷെൽട്ടൺ അപ്പോഴിപറമ്പിൽ ആമുഖസന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് ബിബീഷ് ഓലിക്കമുറിയിലും മലബാർ റീജിയൺ പ്രസിഡന്റ് ജോബിഷ് ഇരിക്കാലിക്കലും ആശംസകൾ അർപ്പിച്ചു. ഫൊറോന ട്രഷറർ രഞ്ജിത്ത് വെട്ടിക്കൽ യോഗത്തിൽ നന്ദി പറഞ്ഞു.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# വൊക്കേഷൻ കമ്മീഷൻ

## ദൈവവിളി ക്യാമ്പ്

കോട്ടയം അതിരൂപത വൊക്കേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ ദൈവവിളി ക്യാമ്പ് സംഘടിപ്പിച്ചു. ഏപ്രിൽ 16 മുതൽ 18 വരെ പെൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും ഏപ്രിൽ 19 മുതൽ 21 വരെ പെൺകുട്ടികൾക്കായി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി കണ്ണൂർ ബറുമറിയം പാസ്റ്ററർ സെന്ററിലും ക്യാമ്പുകൾ സംഘടിപ്പിച്ചു

**ഫാ. ബിബി തറയിൽ**
ചെയർമാൻ

# കാർട്ട്

## ക്നാനായ സ്റ്റാർസ് പ്രോഗ്രാം - വെക്കേഷൻ ക്യാമ്പ് മെയ് മാസത്തിൽ

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (കാർട്ട്)ന്റെ ആഭിമുഖ്യത്തിൽ അപ്നാദേശിന്റെ സഹകരണത്തോടെ നടത്തപ്പെടുന്ന ക്നാനായ സ്റ്റാർസ് പ്രോഗ്രാമിലെ 5 മുതൽ 9 വരെ ബാച്ചിലെ കുട്ടികളുടെ (9-ാം ക്ലാസ്സ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾ) അവധിക്കാല ക്യാമ്പ് മെയ് മാസം 9-ാം തീയതി മുതൽ 13-ാം തീയതി വരെ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. മെയ് 9 ന് രാവിലെ 11 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 13 ന് വൈകുന്നേരം 3 മണിക്ക് സമാപിക്കും. നേതൃത്വ പരിശീലനവും ഉന്നതവിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കിയുള്ള പ്രസ്തുത ക്യാമ്പിൽ 5 മുതൽ 9 വരെയുള്ള ബാച്ചുകളിലെ എല്ലാ ക്നാനായ സ്റ്റാർസ് കുട്ടികളും പങ്കെടുക്കേണ്ടതാണ്.

## ക്നാനായ സ്റ്റാർസ് മെന്റേഴ്സ് യോഗം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (കാർട്ട്)ന്റെ ആഭിമുഖ്യത്തിൽ അപ്നാദേശിന്റെ സഹകരണത്തോടെ ക്നാനായ സമുദായത്തിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി രൂപപ്പെടുത്തിയ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ കുട്ടികൾക്ക് ഫലപ്രദമായ തുടർമാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി രൂപീകരിച്ച ക്നാനായ സ്റ്റാർസ് മെന്റേഴ്സ് ഫോറത്തിലെ അംഗങ്ങളുടെ യോഗം ഏപ്രിൽ 27 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. ക്നാനായ സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്ന അവധിക്കാല ക്യാമ്പ്, പത്താമത് ബാച്ചിലേക്കുള്ള ഫൊറോന- കേന്ദ്രതല സെലക്ഷൻ എന്നിവയെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

## ക്നാനായ സ്റ്റാർസ് പ്രോഗ്രാം – ഫൊറോനതല തെരഞ്ഞെടുപ്പ് മെയ് ആദ്യവാരം

കാർട്ടിന്റെ നേതൃത്വത്തിൽ അപ്നാദേശിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് പ്രോഗ്രാമിന്റെ പുതിയ ബാച്ചിലേക്ക് തെരഞ്ഞെടുക്കുന്നതിനായി ബഹു. ഇടവക വികാരിമാർ മുഖാന്തിരം അപേക്ഷ സമർപ്പിച്ച 7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ ഫൊറോന അടിസ്ഥാനത്തിൽ ഒരുമിച്ച് കൂട്ടി പ്രാഥമിക തെരഞ്ഞെടുപ്പ് നടത്തും. ഫൊറോന അടിസ്ഥാനത്തിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 3.30 വരെയാണ് തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നത്. ഇടയ്ക്കാട്, മലങ്കര ഫൊറോനകളിലെ വിവിധ ഇടവകകളിൽ നിന്നുള്ള കുട്ടികൾക്കായി മെയ് 2 ബുധനാഴ്ച ബി.സി.എം കോളേജിൽ വച്ചും കൈപ്പുഴ, പിറവം, കടുത്തുരുത്തി ഫൊറോനകളിലെ ഇടവകകൾക്കായി മെയ് 6 ഞായറാഴ്ച കടുത്തുരുത്തി പള്ളിയിൽ വച്ചും കിടങ്ങൂർ, ഉഴവൂർ, ചുങ്കം ഫൊറോനകളിലെ ഇടവകകൾക്കായി ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലുമാണ് തെരഞ്ഞെടുപ്പ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്.

## ക്നാനായ സ്റ്റാർസ് സെലക്ഷൻ ക്യാമ്പ്– പുതിയ ബാച്ചിലേക്ക് പ്രവേശനം

ക്നാനായ സമുദായത്തിലെ പ്രതിഭാശാലികളായ കുട്ടികളെ ഹൈസ്കൂൾ പ്രവേശനാവസരത്തിൽതന്നെ കണ്ടെത്തി മൂല്യാധിഷ്ഠിത ജീവിത മാർഗ്ഗനിർദ്ദേശങ്ങളും ഉന്നതവിദ്യാഭ്യാസം നേടിയെടുക്കാനാവശ്യമായ പരിശീലനങ്ങളും തുടർച്ചയായി നൽകി ഉന്നത നിലവാരത്തിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ അപ്നാദേശിന്റെ സഹകരണത്തോടെ അതിരൂപത രൂപം നൽകിയ ക്നാനായ സ്റ്റാർസ് പദ്ധതിയിലെ പത്താമത്തെ ബാച്ചിലേക്കുള്ള പ്രവേശന ക്യാമ്പ് മെയ് 17,18,19 തീയതികളിൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികളിൽ നിന്നും യോഗ്യതയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ ബഹു. വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന സമർത്ഥരായ കുട്ടികളെ ഫൊറോന തലത്തിൽ വിലയിരുത്തിയതിനുശേഷമാണ് വിദഗ്ധരുടെ നേതൃത്വത്തിൽ പ്രത്യേക സെലക്ഷൻ ക്യാമ്പ്

സംഘടിപ്പിക്കുന്നത്. ഒൻപത് ബാച്ചുകളിലായി 325 കുട്ടികളാണ് പദ്ധതിയിൽ നിലവിൽ അംഗങ്ങളായുള്ളത്.

**ഡോ. മേഴ്സി ജോൺ,** കോർഡിനേറ്റർ
ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനവും തൊഴിൽ അവസരവുമായി ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY). പദ്ധതിയുടെ ഭാഗമായി കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതി യുവാക്കൾക്ക് സൗജന്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തുന്നു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിൽ ജൂൺ മാസത്തിൽ സെയിൽസ് പേഴ്സൺ (റീട്ടെയിൽ), ഡി.റ്റി.പി & പ്രിന്റ് പബ്ളിഷിംഗ് അസിസ്റ്റന്റ്, അക്കൗണ്ട്സ് അസിസ്റ്റന്റ്, ഫുഡ് & ബിവറേജ് സർവ്വീസസ്, തയ്യൽ പരിശീലനം എന്നീ കോഴ്സുകളിലാണ് പരിശീലനം ആരംഭിക്കുന്നത്. മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സുകൾ തികച്ചും സൗജന്യമായി

രിക്കും. വിദഗ്ധ അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റും നൽകും. താമസിച്ചും അല്ലാതെയും പരിശീലനം നേടുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.

## മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതി കേന്ദ്രതലത്തിൽ മാതൃദിനാഘോഷം

ലോകമാതൃദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ മാതൃദിനാഘോഷം സംഘടിപ്പിക്കുന്നു. മെയ് 7-ാം തീയതി തിങ്കളാഴ്ച ചൈതന്യയിലാണ് കേന്ദ്രതല മാതൃദിനാഘോഷം നടത്തപ്പെടുക. ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ, മാതാക്കളെ ആദരിക്കൽ, പൊതുസമ്മേളനം എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

## മാതൃദിനാഘോഷം മേഖലകളിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാതൃദിനാഘോഷങ്ങൾ മേഖലാ ഗ്രാമതലങ്ങളിൽ മെയ് മാസത്തിൽ സംഘടിപ്പിക്കുന്നു. ചുങ്കം മേഖല മാതൃദിനാഘോഷം മെയ് 10-ാം തീയതി വ്യാഴാഴ്ച ചുങ്കത്തും ഇടയ്ക്കാട്ട് മേഖലയിലെ കണ്ണങ്കര ഗ്രാമത്തിൽ മെയ് 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്കും കിടങ്ങൂർ മേഖലാ മാതൃദിനാഘോഷം മെയ് 14-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലുമായിരിക്കും നടത്തപ്പെടുക. സെമിനാർ, മാതാക്കളെ ആദരിക്കൽ, പൊതുസമ്മേളനം എന്നിവ ദിനാചരണത്തോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നയിറോഷ്നി പദ്ധതിയുമായി കെ.എസ്.എസ്.എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റ സഹകരണത്തോടെ നയിറോഷ്നി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 175 വനിതകൾക്ക് വിവിധ വിഷയങ്ങളിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ ഉന്നമനവും മുഖ്യധാരാവത്ക്കരണവും ലക്ഷ്യമിട്ടാണ് നയിറോഷ്നി പദ്ധതി

നടപ്പിലാക്കുന്നത്. പരിശീലനത്തിന്റെ ഭാഗമായി നേതൃത്വപാടവം, വിദ്യാഭ്യാസ ഉന്നമനം, വ്യക്തിശുചിത്വം, സ്വച്ഛ് ഭാരത്, സാമ്പത്തിക സാക്ഷരത, ജീവിത നൈപുണ്യങ്ങൾ, നിയമാവകാശം, കമ്പ്യൂട്ടർ സാക്ഷരത തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നടത്തപ്പെടുക. ക്ലാസ്സുകൾക്ക് വിദഗ്ധർ നേതൃത്വം നൽകും. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം മെയ് മാസത്തിൽ നടത്തപ്പെടും.

## സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമങ്ങളും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. കൈപ്പുഴ മേഖല ഭാരവാഹി സംഗമം മെയ് 7-ാം തീയതി തിങ്കളാഴ്ച ചൈതന്യയിലും ചുങ്കം മേഖല സംഗമം മെയ് 10-ാം തീയതി വ്യാഴാഴ്ച ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിലും മലങ്കര മേഖല സംഗമം മെയ് 26-ാം തീയതി ശനിയാഴ്ച ചിങ്ങവനം സെന്റ് ജോൺസ് കാത്തലിക് ചർച്ച് ഹാളിലും നടത്തപ്പെടും. രാവിലെ 10.30 മുതലാണ് സംഗമങ്ങൾ നടത്തപ്പെടുക. കൈപ്പുഴ മേഖല സംഗമം കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാറും ചുങ്കം മേഖല സംഗമം വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണിയും മലങ്കര മേഖല സംഗമം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസും ഉദ്ഘാടനം ചെയ്യും.

## 'അമ്മ അറിയാൻ' - ബോധവൽക്കരണ പരിപാടി ഉഴവൂർ മേഖലയിൽ

ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പയിനുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. അമ്മ അറിയാൻ എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി ഇതിനോടകം തന്നെ കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

കുട്ടികളെയും അവരുടെ മാതാക്കളെയും കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ മാതാക്കളെയും സംഘടിപ്പിച്ചു കൊണ്ടാണ് ക്യാമ്പയിൻ നടത്തപ്പെടുക. ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ഉഴവൂർ മേഖലയിലെ അരീക്കര ഗ്രാമത്തിൽ മെയ് 1-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അവബോധ ക്ലാസ് നടത്തപ്പെടും. അരീക്കര ഗ്രാമവികസന സമിതിയുടെയും കൂടപ്പലം ലൈബ്രറിയുടെയും സംയുക്താഭിമുഖ്യത്തിൽ കൂടപ്പലം ലൈബ്രറി ഹാളിലാണ് ബോധവൽക്കരണ ക്ലാസ് നടത്തപ്പെടുക. വിദഗ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും.

## ഭക്ഷ്യസുരക്ഷയ്ക്കായി മുട്ടക്കോഴിയും ഹൈടെക് കൂടുമായി കെ. എസ്. എസ്. എസ്

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കുന്നു. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. പതിനയ്യായിരം രൂപ മുതൽ മുടക്ക് വരുന്ന പദ്ധതിയിൽ അംഗങ്ങളാകുന്ന കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് 1000 രൂപ സബ്സിഡി നൽകുന്നതാണ്. കൂടാതെ മേൽക്കൂരയും ട്രേയും അടങ്ങുന്ന കൂട് ഉൾപ്പെടുന്ന 19000 രൂപ വരുന്ന പാക്കേജ് 1000 രൂപ സബ്സിഡിയോടുകൂടി 18000 രൂപയ്ക്ക് ലഭ്യമാക്കുന്നതാണ്.

## കെ. എസ്. എസ്. എസ് നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് ആവശ്യങ്ങൾക്കായുള്ള നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ചേർപ്പുങ്കൽ അഗാപ്പെ ഭവനിൽ ഭിന്നശേഷിയുള്ളവരുടെ വരുമാനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ബുക്ക് നിർമ്മാണ യൂണിറ്റിൽ നിന്നുമാണ് ഗുണമേന്മയുള്ള നോട്ടുബുക്കുകൾ ലഭ്യമാക്കുന്നത്. കൂടാതെ

അറ്റൻഡൻസ് രജിസ്റ്റർ, നാലുവര ബുക്കുകൾ മുതലായവ ഓർഡർ അനുസരിച്ച് ലഭ്യമാക്കുന്നതാണ്. ഓർഡർ നൽകി 15 ദിവസത്തിനകം ബുക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി 9961033317 എന്ന നമ്പരിൽ ബന്ധപ്പെടുക.

## 'വിമുക്തി' ലഹരി വിമുക്ത ബോധവൽക്കരണ ക്യാമ്പയിനുമായി ചുങ്കം മേഖല

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചുങ്കം മേഖലയുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി എന്ന പേരിൽ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി മേഖലയിലെ മാറിക, കരിങ്കുന്നം ഗ്രാമങ്ങളിൽ അവബോധ ക്ലാസ്സും ലഹരി വിമുക്തിയുടെ സന്ദേശം പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകവും നടത്തപ്പെട്ടു. പദ്ധതിയുടെ ഭാഗമായി മേഖലയിലെ വിവിധ ഗ്രാമങ്ങളിൽ ക്യാമ്പയിൻ നടത്തപ്പെടും.

## സി. ബി. ആർ മിന്നാമിന്നി ക്യാമ്പ് മെയ് 21, 22 തീയതികളിൽ

ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി സി.ബി.ആർ കുട്ടികളുടെ സമഗ്രവളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടെ മിന്നാമിന്നി ക്യാമ്പ് സംഘടിപ്പിക്കുന്നു. മെയ് 21, 22 തീയതികളിൽ ചൈതന്യയിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നതിന് കെ. എസ്. എസ്. എസ് വാട്ടർ ടാങ്ക് പദ്ധതി

ജലദൗർലഭ്യത രൂക്ഷമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജലസംഭരണത്തിന് അവസരമൊരുക്കുന്നതിനായി സ്വാശ്രയസംഘാംഗങ്ങൾക്കായി കെ.എസ്.എസ്.എസ് വാട്ടർടാങ്ക് പദ്ധതി നടപ്പിലാക്കുന്നു. സിന്റക്സ് കമ്പനിയുടെ 1000, 500 ലിറ്ററുകളുടെ റിനോ ടഫ് മോഡൽ വാട്ടർ ടാങ്കുകളും 1500, 2000 ലിറ്ററിന്റെ റിനോ മോഡൽ ടാങ്കുകളുമാണ് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്.

## മെത്തകൾ ലഭ്യമാക്കുന്നു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി മെത്തകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. പ്രകൃതിദത്തമായ റബ്ബർ ഫോം ഉപയോഗിച്ചുള്ള മെത്തകളാണ് ലഭ്യമാക്കുന്നത്. സിംഗിൾ കോട്ട്, ഡബിൾ കോട്ട് എന്നീ സൈസിലുള്ള മെത്തകളാണ് ലഭ്യമാക്കുന്നത്.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## ഭിന്നശേഷിയുള്ളവർക്കായി ന്യൂറോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവർക്കായി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ന്യൂറോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം നെതർലെന്റ് ആസ്ഥാനമായുള്ള ലില്ലിയാനേ ഫൗണ്ടേഷൻ റിസേർച്ച് സ്കോളർ ഇന്ദിര ബൗട്ട് നിർവ്വഹിച്ചു. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യ-ലില്ലിയാനെ ഫൗണ്ടേഷൻ പ്രോഗ്രാം ഓഫീസർ എം.കെ രാജു, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം ഓഫീസർ ഷൈല തോമസ്, സ്പെഷ്യൽ എജ്യൂക്കേറ്റർ സിസ്റ്റർ നിഖില എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് അന്ധബധിര വൈകല്യമുള്ളവർക്കായി നടപ്പിലാക്കുന്ന വരുമാന പദ്ധതിയുടെ ധനസഹായ വിതരണവും ഭിന്നശേഷിയുള്ളവർക്കായുള്ള കണ്ണട വിതരണവും നടത്തപ്പെട്ടു. ക്യാമ്പിന് ന്യൂറോളജിസ്റ്റ് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകി. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, കൗൺസിലിംഗ് എന്നീ സേവനങ്ങളും ക്യാമ്പിനോടനുബന്ധിച്ച് ക്രമീകരിച്ചിരുന്നു. ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി 1997 മുതൽ കെ.എസ്.എസ്.എസ് നടപ്പിലാക്കിവരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടാണ് ന്യൂറോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്.

## ഭൗമദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭൗമദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു, കുമരകം ഗവേഷണ കേന്ദ്രം റിട്ട. പ്ലാന്റ് പതോളജിസ്റ്റ് ഡോ. എ.വി. മാത്യു, കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ട സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. ഇരുനൂറോളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

## അമ്മ അറിയാൻ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആധുനിക കാലഘട്ടത്തിൽ കുട്ടികളും മാതാക്കളും അറിഞ്ഞും കരുതിയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അമ്മ അറിയാൻ എന്ന പേരിൽ മാതാക്കൾക്കായി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ കല്ലറ സെന്റ് മേരീസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അന്നമ്മ രാജു നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ബിനിഷ് മാങ്കോട്ടിൽ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർമാരായ ചിന്നമ്മ രാജൻ, ബെസി ജോസ് അനിമേറ്റർ ജിജി ജോൺ, മേഖലാ പ്രസിഡന്റ് ലിസി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. ക്ലാസിന് ഫാ. ബിനിഷ് മാങ്കോട്ടിൽ നേതൃത്വം നൽകി. നൂറ്റമ്പതോളം പേർ പങ്കെടുത്തു.

## ജീവനം – ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അനുദിനം വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്ന ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനം' എന്ന പേരിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പേരൂർ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന് സാമൂഹ്യ പ്രവർത്തകയായ ബിന്ദു തോമസ് നേതൃത്വം നൽകി. രോഗാവസ്ഥയെ തിരിച്ചറിയുന്നതിനും അവയെ ഉന്മൂലനം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സ്ത്രീകളുടെ അനുദിനജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുമായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസ് ഇടയ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ നൂറ്റിയിരുപതോളം പേർ പങ്കെടുത്തു. കോർഡിനേറ്റർ ലൈല ഫിലിപ്പ്, അനിമേറ്റർ ലൈസമ്മ ജെയിംസ് എന്നിവർ നേതൃത്വം നൽകി.

## സ്വയം തൊഴിൽ വരുമാന സംരംഭകത്വ പരിശീലനവും സർട്ടിഫിക്കറ്റ് വിതരണവും

സ്വയം തൊഴിൽ സംരംഭക സാധ്യതകൾ സാധാരണക്കാരായ ആളുകൾക്ക് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡുമായി സഹകരിച്ച് ചെറുകിട വരുമാന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഭാഗമായി ശാസ്ത്രീയ കൂൺ കൃഷിയിലാണ് പരിശീലനം സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 30 പേർക്കാണ് പരിശീലനം സൗജന്യമായി ലഭ്യമാക്കിയത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കുമരകം ഗവേഷണ കേന്ദ്രം റിട്ട. പ്ലാന്റ് പതോളജിസ്റ്റ് ഡോ. എ.വി. മാത്യു സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം കോർഡിനേറ്റേഴ്സ് ഹണി സെബാസ്റ്റ്യൻ, ബെസ്സി ജോസ് എന്നിവർ സന്നിഹിതരാ

യിരുന്നു.

## കൂട്ടായ്മയും സഹവർത്തിത്വവും ഒരുക്കി കുടുംബസംഗമം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇടയ്ക്കാട്ട് മേഖലയിലെ കുമരകം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന അനുഗ്രഹ ഗ്രൂപ്പിന്റെ കുടുംബസംഗമം സംഘടിപ്പിച്ചു. കുകുമരകം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജെയിംസ് പൊങ്ങാനയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ മാഗി ജോൺ, കോർഡിനേറ്റർ ലൈല ഫിലിപ്പ്, അനിമേറ്റർ മേരിക്കുട്ടി ജോൺ എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് 20 വർഷമായി ഗ്രൂപ്പിൽ പ്രവർത്തിക്കുന്ന ദമ്പതികളെ പൊന്നാടയണിയിച്ച് ആദരിക്കുകയും വിവിധ കലാപരിപാടികളും മത്സരങ്ങളും സ്നേഹ വിരുന്നും സംഘടിപ്പിച്ചു. ചിന്നമ്മ പുന്നൂസ് പാർക്കശ്ശേരിയുടെ വസതിയിൽ സംഘടിപ്പിച്ച സംഗമത്തിൽ സ്വാശ്രയ സംഘാംഗങ്ങളും കുടുംബാംഗങ്ങളും ഉൾപ്പെടെ 80തോളം പേർ പങ്കെടുത്തു.

## മുറിവെണ്ണ, ഇഞ്ചി സ്ക്വാഷ് എന്നിവയുടെ നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു

ബദൽ ജീവിത ശൈലി സ്വാശ്രയ സംഘങ്ങളിൽ കൂടുതൽ വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുറിവെണ്ണ, ഇഞ്ചി സ്ക്വാഷ് എന്നിവയുടെ നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. കേന്ദ്രതലത്തിൽ കോർഡിനേറ്റേഴ്സിനാണ് പരിശീലനം സംഘടിപ്പിച്ചത്. തുടർന്ന് മേഖലകളിലും ഗ്രാമങ്ങളിലും ആവശ്യാനുസരണം പരിശീലനം സംഘടിപ്പിക്കുന്നതാണ്.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മുകളേൽ മത്തായി - ലീലാമ്മ കർഷകകുടുംബ പുരസ്കാരം സമ്മാനിച്ചു

ചുള്ളിയോട് ഇടവക മുകളേൽ മത്തായി-ലീലാമ്മ ദമ്പതികളുടെ വിവാഹ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ മുകളേൽ മത്തായി - ലീലാമ്മ കർഷക കുടുംബപുരസ്കാരത്തിന്റെ രണ്ടാം പതിപ്പ് ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപന സമ്മേളനത്തിൽ രാജപുരം ഇടവക കുടുന്ത നാംകുഴിയിൽ ജോർജ്ജിന്റെ കുടുംബത്തിന് ബഹു. കണ്ണൂർ എം.പി പി. കെ ശ്രീമതി ടീച്ചർ സമ്മാനിച്ചു. കാർഷികവൃത്തി ജീവിത വ്രത മായി അനുവർത്തിക്കുന്ന മലബാറിലെ കർഷകകുടുംബത്തെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. വിജയിയായി തിരഞ്ഞെ ടുക്കപ്പെടുന്ന കുടുംബത്തിന് 25000 രൂപയും പ്രശംസാ പത്രവുമാണ് പുരസ്കാരമായി നൽകിയത്. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിവഴി അവാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ച് വിദഗ്ധ പരിശോധനയ്ക്കും വിലയിരുത്തലിനും ശേഷമാണ് അവാർഡ് ജേതാ വിനെ തിരഞ്ഞെടുത്തത്. കാർഷിക വൃത്തിയിൽ കുടുംബാംഗങ്ങ ളുടെ പങ്കാളിത്തവും സഹകരണവും, ജൈവകൃഷിയും സുസ്ഥിര കൃഷിരീതികളും ഉപവരുമാനമാർഗ്ഗങ്ങളും ബഹുവിളകൃഷി, വിളക ളുടെ ഉത്പാദനം, വിളകളുടെ പരിപോഷണം, വിളചംക്രമണം, പരി സ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ എന്നിവ അവാർഡ് നിർണ്ണയ ത്തിൽ മുഖ്യ മാനദണ്ഡങ്ങളായിരുന്നു.

## ക്നാനായ കർഷകശ്രീ അവാർഡ് വിതരണം ചെയ്തു

ക്നാനായ മലബാർ കുടിയേറ്റ ജൂബിലിയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ രജതജൂബിലി പ്രമാണിച്ചും ഓരോ ഫൊറോനയിലെയും മികച്ച ക്നാനായ കർഷകന് ഏർപ്പെടുത്തിയ അവാർഡാണ് ക്നാനായ കർഷകശ്രീ അവാർഡ്. ഓരോ ഫൊറോ നയിലെയും ക്നാനായ സമുദായാംഗങ്ങളായ മികച്ച കർഷകകു ടുംബത്തിനാണ് അവാർഡ് നൽകിയത്. കാർഷികവൃത്തി ജീവിത വ്രതമായി അനുവർത്തിക്കുന്ന മലബാറിലെ ഓരോ ഫൊറോനയിൽ

നിന്ന് മികച്ച ഒരു ക്നാനായ കർഷകകുടുംബത്തെ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ജൂബിലി സമാപനദിനമായ ഏപ്രിൽ 14 ന് നടന്ന സമാപന സമ്മേളനത്തിൽ ആദരിച്ചു. രാജപുരം ഫൊറോന യിൽ നിന്നും ജോർജ്ജ് കുടുന്തനാംകുഴിയിലും മടമ്പം ഫൊറോന യിൽ നിന്നും പോത്തുകുഴി ഇടവകയിലെ ജയ ഫിലിപ്പ് മ്യാലിലും ചങ്ങലേരി ഫൊറോനയിൽ മംഗലംഡാം ഇടവകയിലെ കെ.സി ഫിലിപ്പ് കുന്നത്തറയ്ക്കലും പെരിക്കല്ലൂർ ഫൊറോനയിലെ പുളി ഞ്ഞാൽ ഇടവക ജോസ് ചാമക്കുഴിയിലുമാണ് അവാർഡിനായി തിര ഞ്ഞെടുക്കപ്പെട്ടത്. 5000/- രൂപയും പ്രശംസാ പത്രവുമാണ് പുര സ്കാരമായി നൽകുന്നത്.

## ലോൺ മേള ചെക്ക് വിതരണം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരളാ പിന്നോക്ക വികസന ബാങ്കുവഴി തൊഴിൽ സംരംഭകർക്ക് നൽകുന്ന ലോണിന്റെ ചെക്ക് വിതരണം നടത്തി. 24 സ്വാശ്രയ സംഘങ്ങളിലെ 164 പേർക്കാണ് ലോൺ വിതരണം നടത്തിയത്. പദ്ധതിയുടെ ഔപചാ രികമായ ഉദ്ഘാടനം ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ച് ശ്രീപുരം ബറുമറിയം പാസ്റ്ററൽ സെന്റ റിൽ വച്ച് കണ്ണൂർ എം. പി ശ്രീമതി ടീച്ചർ പദ്ധതിയുടെ ആദ്യ ഗഡു അലക്സ് നഗറിലെ പ്രകാശന ഗ്രൂപ്പിലെ ആൻസി സിറിയക്കിന് നൽകി ക്കൊണ്ട് നിർവ്വഹിച്ചു.

## സോഷ്യൽ ഡെവലപ്മെന്റ് പ്രോഗ്രാം പ്രകാശനം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കി വിവിധ സാമൂഹ്യ പ്രവർത്തനങ്ങളുടെ പ്രകാശനം നടത്തി. പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യൂ മൂലക്കാട്ട് പിതാവിന് നൽകിക്കൊണ്ടാണ് പ്രകാശനം നടത്തിയത്. ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സാമൂഹ്യ പ്രതിബദ്ധതയോടെ നടപ്പി ലാക്കിയ കർമ്മപദ്ധതികളുടെ പ്രകാശനമാണ് നടത്തിയത്. ഭവന നിർമ്മാണ പദ്ധതി, വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം, ആരോഗ്യ

ഇൻഷുറൻസ് പദ്ധതി, ജൈവഗ്രാമം പദ്ധതി, വരുമാന വർദ്ധക പദ്ധതികൾ, കാരുണ്യസ്പർശം പദ്ധതി, പ്ലാറ്റിനം സ്റ്റാഴ്സ്, ജലസംരക്ഷണ പദ്ധതി തുടങ്ങിയ കർമ്മ പദ്ധതികളാണ് ജൂബിലിയുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്തിരുന്നത്. ഈ പദ്ധതികളെല്ലാം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സാധിച്ചു.

**ന്യൂനപക്ഷ വനിതകൾക്ക് നേതൃത്വപരിശീലന പരിപാടി ആരംഭിക്കുന്നു**

കണ്ണൂർ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര ന്യൂനപക്ഷ വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ ന്യൂനപക്ഷവനിതകൾക്ക് നേതൃത്വവികസന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട 18 നും 60 നും ഇടയിൽ പ്രായമുള്ള 175 വനിതകൾക്ക് ആറ് ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയാണ് സംഘടിപ്പിക്കുന്നത്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണവും സ്റ്റൈഫന്റും നൽകുന്നു. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്കിലെ ന്യൂനപക്ഷ വനിതകൾക്കാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുന്നത്. ന്യൂനപക്ഷ വനിതകളുടെ നേതൃത്വ പുരോഗതിയാണ് ഈ പദ്ധതിയിലൂടെ മാസ്സ് ലക്ഷ്യമിടുന്നത്.

**ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ**
അസിസ്റ്റന്റ് /സെക്രട്ടറി മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## ദമ്പതി സംഗമം നടത്തി

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബൈസൺവാലി, കഞ്ഞുക്കുഴി എന്നീ ഗ്രാമങ്ങളിൽ ദമ്പതി സംഗമങ്ങൾ നടത്തി. ബൈസൺവാലി ഗ്രാമത്തിൽ നടത്തിയ സംഗമത്തിൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ബൈജു അച്ചിറത്തലയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ബൈസൺവാലി പഞ്ചായത്ത് പ്രസിഡന്റ് മഞ്ചു ജിൻസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രീൻവാലി ഡവലപ്പ്മെന്റ് സൊസൈറ്റി സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ജോസ്

കുടുംബക്കുഴിയിൽ ആശംസകൾ അർപ്പിച്ചു. കഞ്ഞുക്കുഴിൽ നടത്തിയ ദമ്പതി സംഗമം ഇടുക്കി എം.എൽ.എ റോഷി അഗസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഫാ. ജെയിംസ് വടക്കേകണ്ടംകരിയിൽ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മോളി ഗീവർഗീസ് , ബേബി കൊല്ലപ്പള്ളിൽ എന്നിവർ ആശംകൾ അർപ്പിച്ചു. ആധുനിക കുടുംബ ജീവിതത്തിലെ വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി പതിനാറാംകണ്ടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ ലെനിൻ പി.കെ സെമിനാർ നയിച്ചു. സംഗമങ്ങൾക്ക് ജിഡിഎസ് സ്റ്റാഫംഗങ്ങൾ നേതൃത്വം നൽകി. 200ൽപരം ദമ്പതികൾ പങ്കെടുത്തു.

## ഹൈറേഞ്ച് സ്റ്റാഴ്സ് നേതൃത്വ പഠന ക്യാമ്പ്

ഗ്രീൻവാലി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ 7, 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടപ്പിലാക്കുന്ന ഹൈറേഞ്ച് സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന കളരി സംഘടിപ്പിച്ചു. ലെനിൻ പി.ജെ, സി. ബീന എസ്.എ.ബി.എസ്, ഫാ. ബെന്നി കന്നുവെട്ടിയിൽ, ഫാ. കുര്യാക്കോസ് കൊല്ലപ്പള്ളി, രാജീവ് എന്നീവർ ക്ലാസ്സുൾക്ക് നേതൃത്വം നൽകി. ജിഡിഎസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടംകരിയിൽ ഫാ. ബൈജു അച്ചിറത്തലയ്ക്കൽ സി. സെലീന എസ്. വി.എം, ലിന്റോ മരിയ, അയോണ, ജി.ഡി.എസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. കുട്ടികളുടെ വിവിധ കലാപരിപാടിയും വിവിധ മത്സരങ്ങളും നടത്തപ്പെട്ടു. ക്യാമ്പിൽ 75ഓളം കുട്ടികൾ പങ്കെടുത്തു.

## സംസ്ഥാന തല അദ്ധ്യാപക പരിശീലനം മരിയസദനിൽ

സർവ്വ ശിക്ഷ അഭയാൻ പദ്ധതി പ്രകാരം സംസ്ഥാന റിസോർസ് ഗ്രൂപ്പിന്റെ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം മരിയസദൻ അനിമേഷൻ സെന്ററിൽ നടത്തി. 14 ജില്ലകളിൽ നിന്നെത്തിയ അധ്യാപകർക്കായാണ് പരിശീലനം ലഭ്യമക്കിയത്.

**ഫാ. ജെയിംസ് വടക്കേകണ്ടംകരി**

സെക്രട്ടറി

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ മാതൃദിനാചരണം മെയ് 8 ന്

ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ മാതൃദിനാഘോഷം സംഘടിപ്പിക്കുന്നു. മെയ് 8 ചൊവ്വാഴ്ച രാവിലെ 10.30 ന് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന മാതൃദിനം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും. ഡോ. അലക്സാണ്ടർ ജേക്കബ്ബ് ഐ.പി.എസ്, ഫാ. മൈക്കിൾ വെട്ടിക്കാട്ട് എന്നിവർ ക്ലാസ്സുകൾ നയിക്കും. ദിനാചരണത്തോടനുബന്ധിച്ച് എട്ട് മക്കളിൽ കൂടുതലുള്ള പ്രായം കുറഞ്ഞ അമ്മമാരെ ആദരിക്കും. ഡോ. മേഴ്സി ജോൺ, സിൻസി പാറേൽ, ജെസ്സി ചെറുപറമ്പിൽ എന്നിവർ പ്രസംഗിക്കും

**സിൻസി പാറേൽ**
സെക്രട്ടറി

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

## കെ.സി.സി. ജനറൽ ബോഡി യോഗവും സമുദായ ശാക്തീകരണ സിമ്പോസിയവും മെയ് 27 ന്

സമുദായത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നതിനാവശ്യമായ തുടർപഠനം സാധ്യമാക്കുന്നതിനും സമകാലിക സഭാ സാമൂഹ്യ സാഹചര്യങ്ങൾ അപഗ്രഥിച്ച് ക്നാനായ സമുദായം സ്വവംശവിവാഹനിഷ്ഠ എക്കാലവും പാലിച്ച് നിലനിൽക്കുന്നതിനാവശ്യമായ പ്രായോഗിക കർമ്മ പരിപാടികൾ രൂപപ്പെടുത്തുന്നതിനുമായി കെ.സി.സിയുടെ ഒരു സ്പെഷ്യൽ ജനറൽ ബോഡി യോഗവും സിമ്പോസിയവും മെയ് 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 8 മണി വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു.

**ഷൈജി ഓട്ടപ്പള്ളിൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഏപ്രിൽ 2018**

05 തൂവാനീസയിൽ നടന്ന എഫാത്ത പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ നടന്ന ഇടുക്കി രൂപത നിയുക്ത മെത്രാൻ മോൺ. ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

07 എൻ.ആർ.സിറ്റി പള്ളിയിൽ വി. ബലിയർപ്പിക്കുകയും സുവർണ്ണ ജൂബിലിയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

08 പടമുഖം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

10 കല്ലറ പഴയപള്ളി ഇടവകാംഗം ഡീക്കൻ കൽപ്പകശേരിൽ മാത്യുവിന് വൈദികപട്ടം നൽകി.

\- പാഴുത്തുരുത്ത് പള്ളിയിൽ വി. ബലിയർപ്പിക്കുകയും തൂമ്പനാൽ ജോസ്-നാദിയ ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

\- ചൈതന്യയിൽ കൂടിയ കെ.സി.സി. വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

12 വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ ചാപ്റ്ററിൽ പങ്കെടുത്തു.

13 ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ ബറുമറിയത്തിൽ നടന്ന മിഷനറി സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- പയ്യാവൂരിൽ കാരിത്താസ് മേഴ്സി ഹോസ്പിറ്റൽ വെഞ്ചരിക്കുകയും പ്രവർത്തനോദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

14 ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയുടെ കണ്ണൂർ നടന്ന സമാപന റാലിയിലും ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ സമാപന സമ്മേളനത്തിലും പങ്കെടുത്തു.

15 കോതനല്ലൂർ പള്ളിയിൽ വി. ബലിയർപ്പിക്കുകയും പുതു

തായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

- എസ്.എച്ച്. മൗണ്ട് ഇടവകാംഗം നിര്യാതനായ തോമസ് ജോൺ കൊപ്പുഴയ്ക്കുവേണ്ടി പരേതന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 ചൈതന്യയിൽ നടന്ന ആൺകുട്ടികളുടെ ദൈവവിളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

19 മാന്നാനം ഇടവകയിൽ വി. ബലിയർപ്പിക്കുകയും നിര്യാതനായ നാഗ്പൂർ മെത്രാപ്പോലീത്ത അബ്രാഹം വിരുത്തക്കുളങ്ങരയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും പുതുതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

- ചൈതന്യയിൽ നടന്ന പെൺകുട്ടികളുടെ ദൈവവിളിക്യാമ്പ് ഉദ്ഘാടനം ചെയ്തു.

20 തൂവാനീസയിൽ നടന്ന എഫ്ഫാത്ത പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

21 പി.ഒ.സി.യിൽ നടന്ന പി.ഒ.സി. സുവർണ്ണ ജൂബിലി സമാപനാഘോഷത്തിൽ പങ്കെടുത്തു.

22 പേരൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

23 നിര്യാതനായ നാഗ്പൂർ മെത്രാപ്പോലീത്ത മാർ അബ്രാഹം വിരുത്തക്കുളങ്ങരയുടെ നാഗ്പൂരിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

24 ഉഴവൂർ ഇടവക സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

- കല്ലറ പഴയപള്ളി ഇടവകാംഗം നിര്യാതനായ മറ്റത്തിക്കുന്നേൽ ഏലിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

26 പുറപ്പുഴ സെന്റ് മൈക്കിൾസ് മേഴ്സി ഹോമിൽ ആരംഭിച്ച റിഹാബിലിറ്റേഷൻ സെന്റർ വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

28 തൂവാനിസയിൽ നടന്ന എഫ്ഫാത്ത പ്രോഗ്രാമിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- മേമ്മുറി ഇടവകയിൽ ഡീക്കൻ കുര്യാക്കോസ് വരകുകാലായിലിന് വൈദികപട്ടം നൽകി.

- കല്ലറ പുത്തൻപള്ളിയിൽ നിര്യാതനായ മാർ അബ്രാഹം വിരുത്തക്കുളങ്ങര പിതാവിന്റെ സ്മരണാർത്ഥം വി. ബലിയർപ്പിക്കുകയും അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

29 അരീക്കര ഇടവകയിൽ ഇടയസന്ദർശനം നടത്തി

- ഉഴവൂർ ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

30 പുന്നത്തുറ ഇടവകയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിക്കുകയും പുന്നത്തുറ വിസിറ്റേഷൻ മഠത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും പുന്നത്തുറ ഇടവകാംഗം മുണ്ടുതറയിൽ പ്രശാന്ത് - റ്റീന ദമ്പതികളുടെ 12-ാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

**മെയ്**

01-04 ബാംഗ്ലൂർ നടന്ന സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**May 2018**

05 Profession of Caritas Secular Institute Sisters at Caritas

06 Pastoral Visit at Ettumanoor.

08 Mothers' Day Celebration by KCWA at Chaithanya

09 POC Executive and General Body Meeting at POC

10 Knanaya Stars' Meet at Chaithanya

10-13 Major Seminarians' Camp at Piravom

12 Profession of SVM Sisters at S.H. Mount.

13 AKCC Centenary Celebration at Trissur.

15 Chaithanya Commissions Meet at Chaithanya.

17 Pastoral and Presbyteral Council at Chaithanya.

20 Sacerdotal Golden Jubilee Celebration of Rev. Fr. Mathai Vettukallel at Uzhavoor.

22 Theologians meet at Chaithanya.

23 Profession of Umilta Sisters at Bangalore

27 Pastoral Visit at Pius Mount.

30-31 Regional Bishops' Retreat at Changanacherry.

31 First Profession of OSB Brothers at Mariamala.

**June**

02 Blessing and Centenary Celebrations of St. John's L.P. School, Chamakkala

05-07 KCBC at Kakkanad.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഏപ്രിൽ 2018**

5 എൻ.ആർ സിറ്റി പള്ളിയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

– ഇടുക്കി രൂപതയുടെ നിയുക്തമെത്രാൻ മോൺ. ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

6 രാജപുരം ഫൊറോന വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

7 പെരിക്കല്ലൂർ ഫൊറോന വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

11 പൂക്കയം ഇടവക നിര്യാതനായ കണ്ടോത്ത് തോമസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിലെ സമാപന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

13 ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ ബറുമറിയത്തിൽ നടത്തപ്പെട്ട മിഷണറി സംഗമത്തിൽ പങ്കെടുത്തു.

14 ക്നാനായ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ ബറുമറിയത്തിൽ നടത്തപ്പെട്ട സമാപന പരിപാടികളിൽ പങ്കെടുത്തു.

17 സാഗർ രൂപതയുടെ നിയുക്തമെത്രാൻ മോൺ. ജെയിംസ് അത്തിക്കളത്തിന്റെ മെത്രാഭിഷേകകർമ്മത്തിൽ സംബന്ധിച്ചു.

18 ഇൻഡോറിലെ ക്നാനായ യുവജനങ്ങളുടെ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിച്ചു.

20 വിശ്വാസപരിശീലനത്തിന്റെ ഭാഗമായി 11-ാം ക്ലാസ്സിലെ കുട്ടികൾക്കായി തൂവാനീസായിൽ നടത്തപ്പെട്ട എഫ്ഫാത്ത ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

– അതിരൂപതാ മെത്രാസന മന്ദിരത്തിൽ വച്ച് നടത്തിയ കോളജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

23 കാലം ചെയ്ത നാഗ്പൂർ ആർച്ച് ബിഷപ്പ് അഭി. അബ്രഹാം വിരുത്തക്കുളങ്ങര പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

25 വിശ്വാസപരിശീലനത്തിന്റെ ഭാഗമായി 11-ാം ക്ലാസിലെ കുട്ടികൾക്കായി കണ്ണൂർ ബറുമറിയത്തിൽ നടത്തപ്പെട്ട ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

26 ഒടയഞ്ചാൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് കുട്ടികൾക്ക് ആഘോഷമായ വി. കുർബാന സ്വീകരണം നല്കി.

27 വിശ്വാസപരിശീലന ഭാഗമായി 11-ാം ക്ലാസിലെ കുട്ടികൾക്കായി കണ്ണൂർ ബറുമറിയത്തിൽ നടത്തപ്പെട്ട ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

29 മള്ളൂശ്ശേരി പള്ളിയിൽ വി. കുർബാന അർപ്പിച്ച് സുവർണ്ണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

30 വിശ്വാസപരിശീലന ഭാഗമായി 12-ാം ക്ലാസിലെ കുട്ടികൾക്കായി തൂവാനീസായിൽ നടത്തപ്പെട്ട ക്യാമ്പിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

**മെയ്**

1 എസ്.എച്ച്. മൗണ്ട് ദേവാലയത്തിൽ വി. കുർബാന അർപ്പിച്ച് സെന്റ് ജോസഫ്സ് സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര - വ്രതവാഗ്ദാന ചടങ്ങിൽ കാർമ്മികത്വം വഹിച്ചു.

\- കാരിത്താസ് ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

# ENGAGEMENTS

## Mar Joseph Pandarasseril

## May 2018

3 Holy Qurbana and Silver Jubilee Celebration of St. Joseph's Sisters at SJC Generalate.

4-15 UK, Germany, Rome

5 Feast of St. Joseph's Knanaya Mission London.

12,13 KCYL Camp for Italian Knanaya Youth.

16 Ordination of Dn. Anoop Poothampara OFM at Malakkallu.

17 Presbyteral and Pastoral Council Meeting at Chaithanaya.

19,20 Pastoral Visit at Kanamvayal.

26,27 Pastoral Visit at Alex Nagar.

31 Send off to Prof. Thomas Mathew, Principal Rajapuram College.

**June**

3 Episcopal Ordination of Msgr. Paul Mullassery at Kollam.

## പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

## പുരോഹിതനും സഭാശുശ്രൂഷയും

**(തിരുവചനഭാഗം: ശ്ലീഹ 3, 1-26)**

"എല്ലാവരിലും ഭീതി ഉളവായി. ശ്ലീഹന്മാർവഴി പല അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു" (ശ്ലീഹ 2,43) എന്ന പ്രസ്താവന പ്രായോഗികമായി പ്രാവർത്തികമാകുന്ന ഒരു സന്ദർഭമാണ് ശ്ലീഹ 3-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണവും അതിനെ ബലപ്പെടുത്തുന്ന അടയാളങ്ങളും ശ്ലീഹന്മാരുടെ സഭാശുശ്രൂഷയുടെ അവശ്യഘടകങ്ങളായിരുന്നു. വി. മർക്കോസിന്റെ സുവിശേഷം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾക്കൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (മർക്കോ 16, 20). സഭയുടെ ആരംഭഘട്ടത്തിൽത്തന്നെ

അപ്രകാരം സംഭവിക്കുന്നതായി നടപടിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഈ അദ്ധ്യായത്തിൽ രണ്ടു ഭാഗങ്ങളാണുള്ളത്: 1. മുടന്തനു സൗഖ്യം (3,1-10); 2. പത്രോസിന്റെ പ്രസംഗം (3,11-26). ശ്ലൈഹിക പിന്തുടർച്ചക്കാരനെന്ന നിലയിൽ പുരോഹിതൻ സഭാശുശ്രൂഷ നിർവഹിക്കേണ്ടവനാണ്. സഭാശുശ്രൂഷ എപ്രകാരമാണു നിർവഹിക്കേണ്ടതെന്നും സഭാസമൂഹത്തെ എപ്രകാരമാണ് കെട്ടിപ്പടുക്കേണ്ടതെന്നും ഈ വചനഭാഗം വ്യക്തമാക്കുന്നുണ്ട്.

**1. സഭ: പ്രാർത്ഥിക്കുന്ന സമൂഹം**

"*ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്കു പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു. ജന്മനാ മുടന്തനായ ഒരാളെ എടുത്തുകൊണ്ടു ചിലർ അവിടെയെത്തി. ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷയാചിക്കാനായി സുന്ദരകവാടം എന്നു വിളിക്കപ്പെടുന്ന ദൈവാലയവാതിൽക്കൽ അവനെ കിടത്തുക പതിവായിരുന്നു*" (3,1-2).

ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു. യഹൂദസമൂഹത്തിലെ നിയമമനുസരിച്ച് പന്ത്രണ്ടു വയസ്സിനു മുകളിലുള്ള പുരുഷന്മാർ എല്ലാ ദിവസവും ഉരുവിടേണ്ട പ്രാർത്ഥനകളാണ് 'ഷ്മാ'യും 'തിഫില്ലാ'യും. സൂര്യോദയത്തിനു തൊട്ടുമുമ്പും സൂര്യാസ്തമയത്തിനുശേഷവുമാണ് 'ഷ്മാ' പ്രാർത്ഥന ചൊല്ലേണ്ടത് (നിയ 6,4-9). സൂര്യോദയത്തിനുശേഷവും ഉച്ചയ്ക്കും സൂര്യാസ്തമയത്തിനുമുമ്പുമാണ് 'തിഫില്ല' പ്രാർത്ഥന ചൊല്ലുന്നത് (പുറ 29,41; മർക്കോ 12,29-30). അതുപോലെ ഭക്തയഹൂദർ രാവിലെയും വൈകുന്നേരവും പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനുമായി ദൈവാലയത്തിൽ പോകുന്ന പതിവും ഉണ്ടായിരുന്നു. യഹൂദപാരമ്പര്യങ്ങളാണല്ലോ ആദിമസഭയെ സ്വാധീനിച്ചത്. അപ്രകാരമായിരിക്കണം സഭയുടെ യാമപ്രാർത്ഥനകൾ നിലവിൽവന്നത്. ആദിമസഭയുടെ രൂപരേഖയിൽ, "അവർ നിശ്ചിതപ്രാർത്ഥനകളിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42) എന്നു പറയുമ്പോൾ സഭയുടെ പ്രാർത്ഥനാ

സ്വഭാവമാണ് വ്യക്തമാക്കുന്നത്. സഭ പ്രാർത്ഥിക്കുന്ന ഒരു സമൂഹ മാണെന്നുള്ളത് സഭയുടെ അടിസ്ഥാനസ്വഭാവമാണ്. അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും സഭയുടെ പ്രാർത്ഥന ചൊല്ലുവാൻ കടപ്പെ ട്ടവരാണ്. ഈ ബോദ്ധ്യം സഭാംഗങ്ങൾക്കു നല്കുവാനും അവരെ അതിൽ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

എല്ലാവർക്കും ശരിയായ പ്രാർത്ഥനയിൽ പരിശീലനം ആവശ്യ മാണ്. പ്രാർത്ഥിക്കുവാൻ നമുക്കറിഞ്ഞുകൂടാ. നാമെല്ലാവരും പ്രാർത്ഥിക്കുവാൻ പഠിക്കണം എന്ന് തിരുലിഖിതങ്ങൾ സാക്ഷ്യപ്പെ ടുത്തുന്നുണ്ട് "വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമു ക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാ വുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). പരിശുദ്ധാത്മാവ് ഇന്നു മിശിഹായുടെ ആത്മാവായി പ്രവർത്തിക്കു ന്നത് സഭയിലാണ്. സഭ പ്രാർത്ഥിക്കുമ്പോൾ, മിശിഹായും പരിശു ദ്ധാത്മാവും നമ്മോടൊത്തു പ്രാർത്ഥിക്കുന്നു. കാരണം സഭ മിശി ഹായുടെ ശരീരമാണ് (1 കൊറി 12,12). മാർപാപ്പാമാരുടെ പ്രബോധ നങ്ങളിലും നാം പ്രാർത്ഥിക്കാൻ പരിശീലിക്കേണ്ടതിന്റെ ആവശ്യ കതയെപ്പറ്റി പറയുന്നുണ്ട്. പ്രാർത്ഥനയുടെ കളരി സഭയുടെ ലിറ്റർജി യാണെന്നും അവർ പഠിപ്പിക്കുന്നു (NMI 34). സഭയുടെ ലിറ്റർജിയ്ക്ക് നേതൃത്വം കൊടുക്കുന്നത് പുരോഹിതരാണ്. അതുകൊണ്ട് സഭാം ഗങ്ങളെ പ്രാർത്ഥിക്കുവാൻ പരിശീലിപ്പിക്കേണ്ടത് പുരോഹിതന്മാർത ന്നെയാണ്. അതുകൊണ്ട് പുരോഹിതർ സഭയുടെ പ്രാർത്ഥനകൾ ചൊല്ലുന്നവരും സഭയുടെ പ്രാർത്ഥനകൾ ചൊല്ലുവാൻ സഭാംഗ ങ്ങൾക്ക് പരിശീലനവും നേതൃത്വവും നല്കുന്നവരുമാകണം.

**2. സഭ: മിശിഹായുടെ സാന്നിദ്ധ്യത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹം**

*"പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചുനോക്കി ക്കൊണ്ടു പറഞ്ഞു: ഞങ്ങളുടെ നേരേ നോക്കുക. അവരുടെ പക്കൽനിന്ന് എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിച്ച് അവൻ അവരെ നോക്കി. പത്രോസ് പറഞ്ഞു: വെള്ളിയോ സ്വർണമോ എന്റെ കയ്യി*

*ലില്ല. എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസറായനായ ഈശോമിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക. പത്രോസ് വലത്തുകൈയ്ക്കു പിടിച്ച് അവനെ എഴുന്നേല്പിച്ചു. ഉടൻതന്നെ അവന്റെ പാദങ്ങളും കണങ്കാലുകളും ബലംപ്രാപിച്ചു. അവൻ ചാടി എഴുന്നേറ്റു നടന്നു. നടന്നും കുതിച്ചുചാടിയും ദൈവത്തെ സ്തുതിച്ചുംകൊണ്ട് അവൻ അവരോടൊപ്പം ദൈവാലയത്തിൽ പ്രവേശിച്ചു"* (3,4-8).

മനുഷ്യർ പ്രാർത്ഥിക്കുവാൻ ഒരുമിച്ചുകൂടുന്നിടത്ത് ഭിക്ഷക്കാർ കടന്നുവരിക സ്വാഭാവികമാണ്. കാരണം, പ്രാർത്ഥന ദൈവവുമായുള്ള സ്നേഹസംഭാഷണമാണല്ലോ. ദൈവവുമായി സ്നേഹസംഭാഷണം നടത്തുന്നവൻ മനുഷ്യരെ സ്നേഹിക്കുന്നവനായിരിക്കും. അതുകൊണ്ടുതന്നെയായിരിക്കും പ്രാർത്ഥനയ്ക്കു ദൈവാലയത്തിൽ പ്രവേശിക്കുന്നവരോടു ഭിക്ഷ യാചിക്കാനായി ജന്മനാമുടന്തനായ മനുഷ്യനെ അവിടെ കിടത്തിയത്. പത്രോസിനോടും യോഹന്നാനോടും ഭിക്ഷ യാചിച്ച മനുഷ്യനെ അവർ സുഖപ്പെടുത്തുന്നു. സുഖപ്പെടുത്തുന്നത് ഒരു പ്രത്യേക രീതിയിലാണ്. എല്ലാവരെയും വിസ്മയിപ്പിക്കത്തക്ക രീതിയിൽ മാന്ത്രികമായിട്ടല്ല. പത്രോസ് യോഹന്നാനോടൊപ്പം അവനെ സൂക്ഷിച്ചുനോക്കുന്നു. അവരുടെ നേരെ നോക്കാൻ ആവശ്യപ്പെടുന്നു. എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിച്ച് അവൻ നോക്കുമ്പോൾ, വെള്ളിയോ സ്വർണ്ണമോ തന്റെ കയ്യിലില്ലെന്നും തനിക്കുള്ളത് ഈശോമിശിഹായുടെ അരൂപിയിലുള്ള സാന്നിദ്ധ്യമാണെന്നും അവനെ അറിയിക്കുന്നു. അതിനുശേഷം വലത്തുകൈയ്ക്കു പിടിച്ച് അവനെ എഴുന്നേല്പിക്കുന്നു. ഉത്ഥിതനായ മിശിഹായുടെ സഭയിലുള്ള സ്നേഹസാന്നിദ്ധ്യത്തിലേക്ക് അവന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടും, സ്നേഹസ്പർശം നല്കിക്കൊണ്ടുമാണ് പത്രോസും യോഹന്നാനും മുടന്തനെ സുഖപ്പെടുത്തുന്നത്.

ഈശോയുടെ അത്ഭുതങ്ങളും ഇപ്രകാരം അരൂപിയുള്ള സ്നേഹസ്പർശനങ്ങളായിട്ടാണ് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. തന്റെ പിശാചുബഹിഷ്കരണാത്ഭുതങ്ങളെ ഫരിസേയർ പൈശാ

ചികശക്തിയുടെ പ്രവർത്തനങ്ങളായി ചിത്രീകരിച്ചപ്പോൾ ഈശോ വ്യക്തമായി പറഞ്ഞു: "ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു" (മത്താ 12,28). ശിമയോൻ പത്രോസിനെ ഈശോ ശിഷ്യത്വത്തിലേക്കു വിളിച്ചതും സ്നേഹസ്പർശം ഉൾക്കൊള്ളുന്ന ഒരത്ഭുതപ്രവർത്തനത്തോടുകൂടിയാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതിരുന്ന പശ്ചാത്തലത്തിൽ ശിമയോന്റെ വള്ളത്തിൽത്തന്നെ കയറുകയും അത്ഭുതകരമായ മീൻപിടുത്തത്താൽ അനുഗ്രഹിക്കുകയും ചെയ്തുകൊണ്ടാണ് ഈശോ തന്റെ ശിഷ്യഗണത്തിൽ പത്രോസിനെ സ്വീകരിച്ചത്. ഇന്നും സഭയിൽ ജീവിക്കുന്ന മിശിഹായുടെ രക്ഷാകരമായ ഈ സ്നേഹസാന്നിദ്ധ്യം വെളിപ്പെടുത്തുന്നതിനാണ് അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നത്. ഇപ്രകാരം അത്ഭുതകരമായ രോഗശാന്തികൾ നല്കാനുള്ള അധികാരം പുരോഹിതർക്കു നല്കപ്പെട്ടിട്ടുണ്ട്. അവയെ വേണ്ടവിധം പ്രയോജനപ്പെടുത്തി രോഗശാന്തിശുശ്രൂഷ തന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാക്കാൻ പുരോഹിതൻ പരിശ്രമിക്കണം. സഭയിലെ രോഗശാന്തിശുശ്രൂഷകളെല്ലാം മിശിഹായുടെ സ്നേഹസാന്നിദ്ധ്യത്തിന്റെ അടയാളങ്ങളാക്കിത്തീർക്കുവാനുള്ള ആഭിമുഖ്യം സഭാസമൂഹത്തിനു നല്കുകയും വേണം.

**3. സഭ: ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം നടക്കുന്ന സമൂഹം**

"*ഇതുകണ്ട് പത്രോസ് അവരോടു പറഞ്ഞു: ഇസ്രായേൽജനമേ, നിങ്ങൾ എന്തിന് ഇതിൽ അത്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോകൊണ്ട് ഇവനു നടക്കാൻ കഴിവുകൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ ഈശോയെ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ അവനെ ഏല്പിച്ചുകൊടുത്തു. പീലാത്തോസ് അവനെ വിട്ടയ്യക്കാൻ തീരുമാനിച്ചിട്ടും അവന്റെ മുമ്പിൽവച്ച് നിങ്ങൾ അവനെ തള്ളിപ്പറഞ്ഞു*" (3,12-13).

ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തൻ നടന്നും കുതിച്ചുചാടിയും ദൈവത്തെ സ്തുതിച്ചുംകൊണ്ട് പത്രോസിനോടും യോഹന്നാനോടുമൊപ്പം ദൈവാലയത്തിൽ പ്രവേശിക്കുകയും അവരെ വിട്ടുമാറാതെ നില്ക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ജനങ്ങളെല്ലാം അവരുടെ അടുത്ത് ഓടിക്കൂടി (3,11). അവരുടെ മാന്ത്രികശക്തികൊണ്ട് ഈ രോഗശാന്തി നടന്നാലെന്നതുപോലെ അവരെ സമീപിച്ച ജനത്തോട് പത്രോസ് പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചത് ഇത് നിത്യം ജീവിക്കുന്ന ദൈവത്തിന്റെ മിശിഹായിലൂടെയുള്ള രക്ഷാകരപ്രവർത്തനത്തിന്റെ ഭാഗമാണെന്നാണ്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം' എന്ന് ദൈവത്തെയും 'തന്റെ ദാസൻ' എന്ന് ഈശോമിശിഹായെയും വിശേഷിപ്പിച്ചുകൊണ്ട്, ഈശോയുടെ മഹത്ത്വീകരണത്തിന്റെ അടയാളമായി ഈ അത്ഭുതത്തെ മനസ്സിലാക്കണമെന്ന് പത്രോസ് അവരെ ഉദ്ബോധിപ്പിക്കുന്നു (3,13-14). അബ്രാഹത്തിലൂടെ തുടക്കംകുറിച്ച് ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഭാഗമായി ഈ അത്ഭുതത്തെ അംഗീകരിക്കുവാൻ പത്രോസ് ജനത്തെ ആഹ്വാനം ചെയ്യുകയാണ്.

ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണം സംഭവിച്ചത് ഈശോമിശിഹായുടെ ഉത്ഥാനത്തിലാണെന്നും അതിന് ശ്ലീഹന്മാർ സാക്ഷികളാണെന്നും പത്രോസ് ഇവിടെ എടുത്തുപറയുന്നു (3,15). മിശിഹായുടെ ഉത്ഥാനമാണല്ലോ സുവിശേഷപ്രഘോഷണത്തിന്റെയും ക്രിസ്തീയവിശ്വാസത്തിന്റെയും അടിസ്ഥാനം. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ഇന്ന് സഭയിലൂടെ നടക്കുന്നു എന്നതിന്റെ തെളിവായി ഈ അത്ഭുതത്തെ കാണുവാൻ പത്രോസ് ജനങ്ങളെ ക്ഷണിക്കുന്നു: "അവന്റെ നാമത്തിലുള്ള വിശ്വാസംമൂലം, അവന്റെ നാമമാണ് നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഈ മനുഷ്യനെ സുഖപ്പെടുത്തിയത്" (3,16). ഉത്ഥിതനായ മിശിഹാ ഇന്നു സഭയിൽ ജീവിക്കുന്നു. വിശ്വാസത്തിലൂടെ മിശിഹായോട് ഐക്യപ്പെട്ടു ജീവിക്കുന്നവർക്കെല്ലാം ദൈവ

ത്തിന്റെ രക്ഷ അനുഭവവേദ്യമായിത്തീരുന്നുവെന്ന് പത്രോസ് ഇവിടെ അനിഷേധ്യമായി പ്രസ്താവിക്കുകയാണ്. അതുകൊണ്ട് മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം നടക്കുന്ന സമൂഹമായി നാം സഭയെ അംഗീകരിക്കണം. ദൈവത്തിന്റെ ഈ രക്ഷാകരപ്രവർത്തനം ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവിധം സഭയിലുള്ള നമ്മുടെ പുരോഹിതശുശ്രൂഷകളെല്ലാം നാം നിർവഹിക്കുകയും വേണം.

**4. സഭ: പശ്ചാത്തപിച്ച് മാനസാന്തരപ്പെടേണ്ട സമൂഹം**

"*അതിനാൽ, നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ചു ദൈവത്തിലേക്കു തിരിയുവിൻ. നിങ്ങൾക്കു കർത്താവിന്റെ സന്നിധിയിൽനിന്നു സമാശ്വാസത്തിന്റെ കാലം വന്നെത്തുകയും, നിങ്ങൾക്കുവേണ്ടി മിശിഹായായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഈശോയെ അവിടുന്ന് അയയ്ക്കുകയും ചെയ്യും. ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർവഴി ദൈവം അരുളിച്ചെയ്തതുപോലെ, സകലത്തിന്റെയും പുനഃസ്ഥാപനകാലംവരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടിയിരിക്കുന്നു*" (3,19-21).

ഈശോയെ വധശിക്ഷയ്ക്ക് ഏല്പിച്ചുകൊടുത്ത യഹൂദനേതാക്കന്മാരെപ്പോലെ അവരും അജ്ഞതകൊണ്ടാണ് ജീവന്റെ നാഥനായ ഈശോയെ അംഗീകരിക്കാതെ പോയതെന്ന് പത്രോസ് തന്റെ ശ്രോതാക്കളോടു പറയുന്നു. എന്നാൽ അതിലൂടെ ദൈവം തന്റെ രക്ഷാപദ്ധതി പൂർത്തിയാക്കുകയായിരുന്നു (3,17-18). ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിൽ മനുഷ്യന്റെ അജ്ഞതയ്ക്കും സ്ഥാനമുണ്ട് എന്ന് ഇവിടെ ഒരു സൂചനയുണ്ട്. അറിവില്ലായ്മകൊണ്ടാണല്ലോ മനുഷ്യൻ പാപം ചെയ്യുന്നത്. അറിവില്ലായ്മയും മനുഷ്യന്റെ പാപാവസ്ഥയും ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമാണ്. അതുകൊണ്ട് മനുഷ്യന് ഉത്തരവാദിത്വമില്ല എന്നു ചിന്തിക്കുന്നതു തെറ്റായിരിക്കും. പാപം ചെയ്യുന്നതിൽ മനുഷ്യന് തീർച്ചയായും ഉത്തരവാദിത്വമുണ്ട്. മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവത്തിന്റെ പദ്ധതിയും തമ്മിലുള്ള ബന്ധം നമ്മുടെ അറിവിനതീതമാ

ണ്. ഏതായാലും രക്ഷയുടെ വഴി എല്ലാ മനുഷ്യർക്കും തുറന്നുകിടക്കുന്നു എന്നതാണ് പ്രധാനം. അതുകൊണ്ട് പത്രോസ് അവരെ പശ്ചാത്താപത്തിലേക്കും മാനസാന്തരത്തിലേക്കും ക്ഷണിക്കുകയാണ്: "അതിനാൽ നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ" (3, 19). പന്തക്കുസ്താദിനത്തിൽ പത്രോസ് നല്കിയ അതേ ആഹ്വാനമാണ് ഇവിടെയും നല്കുന്നത് (2, 38). മാനസാന്തരമാണ് വിശ്വാസത്തിനു തുടക്കം കുറിക്കുന്നത്. മാനസാന്തരം വിശ്വാസത്തിന്റെ ആരംഭമാണ്. വിശ്വാസം മാനസാന്തരത്തിന്റെ തുടർച്ചയാണ്. അതുകൊണ്ട് മാനസാന്തരപ്പെട്ട് ഈശോയിൽ വിശ്വസിക്കുവാനാണ്, പത്രോസ് ഇവിടെ യഹൂദരെ ആഹ്വാനം ചെയ്യുന്നത്.

സഭയിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കേണ്ട ഒന്നാണ് മാനസാന്തരം. കാരണം സഭ പാപബദ്ധരായ മനുഷ്യരുടെ സമൂഹമാണ്. സഭ ഒരേസമയം വിശുദ്ധയും പാപിനിയുമാണെന്നാണല്ലോ സഭയുടെ പ്രബോധനം. സഭ വിശുദ്ധരായവരുടെ സമൂഹമാണ്. കാരണം സഭ ദൈവജനമാണ്; പരിശുദ്ധനായ ദൈവം തനിക്കുവേണ്ടി മാറ്റിവച്ചവരുടെ സമൂഹമാണ്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ 2,9). മാമ്മോദീസായിലൂടെ വിശുദ്ധീകരിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അതേസമയം പാപബദ്ധമായ മനുഷ്യപ്രകൃതിയാണ് സഭാംഗങ്ങൾക്കെല്ലാവർക്കുമുള്ളത്. ആ സ്ഥിതിക്ക് അവർ എപ്പോഴും പാപം ചെയ്യുന്നവരാണ്. അതേസമയം വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുമാണ്. ഇപ്രകാരം വിശുദ്ധരായവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരു (1 കൊറി 1,2) മായതുകൊണ്ട് സഭാംഗങ്ങൾക്കെല്ലാവർക്കും നിരന്തരമായ മാനസാന്തരത്തിന്റെ അവശ്യകതയുണ്ട്. മാനസാന്തരമെന്നത് ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിലേക്കുള്ള നിർണായകമായ മനസ്സുതിരിവാണെങ്കിൽ, ആ മനസ്സുതിരിവിൽ നിലനില്ക്കുന്നതാണ് വിശ്വാസം. ഇപ്രകാരം നിരന്തരമായി മാനസാന്തരപ്പെട്ടുകൊ

ണ്ടിരിക്കേണ്ട ഒരു സമൂഹമാണ് സഭ. സഭാനേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതൻ ഇപ്രകാരം മാനസാന്തരാനുഭവമുള്ളവനായിരിക്കണം. മാനസാന്തരാനുഭവത്തിലൂടെ ജനങ്ങളെ വിശ്വാസത്തിൽ വളർത്തുന്നവനുമായിരിക്കണം.

**5. സഭ: ഉടമ്പടിജനത**

"*നിങ്ങൾ പ്രവാചകന്മാരുടെയും നമ്മുടെ പിതാക്കന്മാരോടു ദൈവം ചെയ്ത ഉടമ്പടിയുടെയും സന്തതികളാണ്. അവിടുന്ന് അബ്രാഹത്തോട് അരുളിച്ചെയ്തു: ഭൂമിയിലെ എല്ലാ കുടുംബങ്ങളും നിന്റെ സന്തതിവഴി അനുഗൃഹീതമാകും. ദൈവം തന്റെ ദാസനെ ഉയിർപ്പിച്ച്, ആദ്യം നിങ്ങളുടെ അടുക്കലേക്കാണ് നിയോഗിച്ചയച്ചത്. നിങ്ങൾ ഓരോരുത്തരെയും ദുഷ്ടതയിൽനിന്നു പിന്തിരിപ്പിച്ച് അനുഗ്രഹിക്കാൻവേണ്ടിയാണത്*" (3,25-26).

പത്രോസ് തന്റെ പ്രസംഗത്തിൽ ഈശോയെ മോശയെപ്പോലുള്ള പ്രവാചകനായി അവതരിപ്പിക്കുന്നുണ്ട്: "മോശ ഇപ്രകാരം പറഞ്ഞു: ദൈവമായ കർത്താവ് നിങ്ങൾക്കായി, നിങ്ങളുടെ സഹോദരന്മാരുടെ ഇടയിൽനിന്ന്, എന്നെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും. അവൻ നിങ്ങളോടു പറയുന്നതെല്ലാം നിങ്ങൾ കേൾക്കണം" (3,22). യഹൂദർ യോഹന്നാൻ സ്നാപകന്റെ അടുത്ത് ആളയച്ച്, സ്നാപകൻ അപ്രകാരമുള്ള പ്രവാചകനാണോ എന്നു ചോദിച്ചതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (യോഹ 1,21). നിയമാവർത്തനപുസ്തകം 18,18 മുതലുള്ള വാക്യങ്ങളിൽ അപ്രകാരമൊരു പ്രവാചകനെ ദൈവം അയയ്ക്കും എന്നും ആ പ്രവാചകനെ കേൾക്കുന്നില്ലെങ്കിൽ അവർക്ക് അത് നാശത്തിനു കാരണമാകുമെന്നും ദൈവം ഇസ്രായേൽജനതയെ അനുസ്മരിപ്പിക്കുന്നുണ്ട്. ഇവിടെ പത്രോസ് ആ പ്രവാചകനായി ഈശോയെ അവതരിപ്പിച്ചുകൊണ്ട് ഈശോയെ രക്ഷകനായി സ്വീകരിക്കുവാൻ യഹൂദരെ ആഹ്വാനം ചെയ്യുകയാണ്. അവർ ഉടമ്പടിയുടെ സന്തതികളാണെന്നുള്ള വസ്തുതയും പത്രോസ് അവരെ അനുസ്മരിപ്പിക്കുന്നുണ്ട് (3,25). ഉടമ്പടിയുടെ ജനതയിലൂടെ ഭൂമിയിലെ എല്ലാ കുടുംബങ്ങളും

അനുഗൃഹീതമാകുമെന്നുള്ള വാഗ്ദാനവും (ഉല്പ 12,3;22,18) അവരെ ഓർമ്മിപ്പിക്കുന്നുണ്ട് (3,25). അതുകൊണ്ട് യഹൂദജനത മിശിഹായിലുള്ള വിശ്വാസം സ്വീകരിച്ച് ഉടമ്പടിജനത എന്ന നിലയിലുള്ള അവരുടെ വിളിയോടു വിശ്വസ്തത പുലർത്തണമെന്നാണ് പത്രോസ് ആഹ്വാനം ചെയ്യുന്നത്.

ആദിമക്രൈസ്തവസമൂഹം യഹൂദക്രൈസ്തവസമൂഹമായിരുന്നല്ലോ. അതുകൊണ്ട് ക്രൈസ്തവസമൂഹം അടിസ്ഥാനപരമായി ഉടമ്പടിജനതയാണ് - പഴയ ഉടമ്പടിജനതയായ ഇസ്രായേലിന്റെ തുടർച്ചയായ പുതിയ ഉടമ്പടിജനത. അതുകൊണ്ട് ഉടമ്പടിജനതയുടെ സവിശേഷതകളെല്ലാം സഭയ്ക്കുണ്ട്. പഴയ ഉടമ്പടിയുടെ പൂർത്തീകരണമാണ് പുതിയ ഉടമ്പടി. ഇപ്രകാരം സഭയെ പുതിയ ഉടമ്പടിജനമായും മിശിഹായെ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായും ഹെബ്രായലേഖനം അവതരിപ്പിക്കുന്നുണ്ട് (ഹെബ്രാ 8,1-13). സ്നേഹത്തിന്റെ പുതിയ കല്പന നല്കിക്കൊണ്ട് യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ തന്നെ അതു സ്ഥിരീകരിക്കുന്നുമുണ്ട് (യോഹ 13,34-35). അതുകൊണ്ട് ഉടമ്പടിജനതയെന്ന സഭയുടെ സ്വഭാവം സഭാംഗങ്ങൾ മനസ്സിലാക്കണം. സഭയെ ഉടമ്പടിജനതയായി കർത്താവു സ്വന്തമാക്കിയത് മനുഷ്യകുലം മുഴുവൻ അനുഗൃഹീതമാകാനാണ് (3,25). ഉടമ്പടിബന്ധം ശരിയായ രീതിയിൽ പുലർത്തിക്കൊണ്ട് ജീവിക്കുമ്പോൾ സഭാംഗങ്ങൾ അനുഗ്രഹിക്കപ്പെടും (3,26). അതുവഴി മനുഷ്യകുലം മുഴുവനും അനുഗൃഹീതമാകും. സഭയാകുന്ന ഉടമ്പടിജനതയുടെ ശുശ്രൂഷകനാണ് പുരോഹിതൻ. ഉടമ്പടിജനത എന്ന നിലയിലുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് സഭാംഗങ്ങളെ ബോധവൽക്കരിക്കുവാനുള്ള ഉത്തരവാദിത്വം സഭാശുശ്രൂഷകനായ പുരോഹിതനുണ്ട്.

**ജീവിതസൂചിക**

1. സഭയുടെ പ്രാർത്ഥനകൾ ചൊല്ലുവാനും അതിന് സഭാംഗങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. സഭയെ ഭൂമിയിലുള്ള മിശിഹായുടെ രക്ഷാകരസ്നേഹസാന്നിദ്ധ്യമാക്കാൻ നമുക്ക് എങ്ങനെ സാധിക്കും?

3. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവിധം പുരോഹിതശുശ്രൂഷകൾ നിർവഹിക്കുവാൻ നാം എങ്ങനെ പരിശ്രമിക്കണം?
4. മാനസാന്തരാനുഭവത്തിലൂടെ ജനങ്ങളെ വിശ്വാസത്തിൽ വളർത്തുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കണം?
5. ഉടമ്പടിജനതയെന്ന നിലയിലുള്ള ഉത്തരവാദിത്വബോധം സഭാംഗങ്ങളിൽ ഉളവാക്കാൻ നമുക്ക് എപ്രകാരം സാധിക്കും?

# വാർത്തകൾ

## 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' വിശുദ്ധി ഇന്നത്തെ ലോകത്തിൽ: ഫ്രാൻസിസ് മാർപാപ്പ

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയോടെ ജീവിക്കുന്നതു സംബന്ധിച്ച തിരുസഭയിലെ പുതിയ പ്രബോധനം ഫ്രാൻസീസ് മാർപാപ്പയുടെ പരമാചാര്യത്വത്തിന്റെ ഹൃദയത്തിൽനിന്ന് ഉദ്ഭവിച്ചതാണ്. "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" (Gaudete et Exsulta-te) എന്ന അപ്പസ്തോലിക ഉദ്ബോധനം അതിന്റെ സമഗ്രതയിൽ, സുവിശേഷത്തിന്റെ ആദിമ മൗലികതയിൽനിന്നും പ്രചോദനം സ്വീകരിച്ചിട്ടുള്ളതാണ്. അഥവാ, മറുവശത്ത്, ഈ പ്രബോധനം "തീഷ്ണതാരഹിതവും തികച്ചും സാധാരണവുമായ അസ്തിത്വത്തിനു വിരുദ്ധമായതുമാണ്. നിരവധിയാളുകളെ സംബന്ധിച്ചിടത്തോളം അവരുടെ വിദൂരചിന്തകളിൽപ്പോലും പ്രതീക്ഷിക്കുക അസാധ്യമായിരുന്ന ഒരു സഭാരേഖയാണിത്. എന്നാൽ, അവിതർക്കിതമാംവിധം വ്യക്തിപരമായ പദ്ധതിയും പര്യാലോചനയും ഉൾക്കൊള്ളുന്ന ഈ പ്രബോധനം ഫ്രാൻസീസ് മാർപാപ്പയുടെ തികച്ചും ആധികാരികമായ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള തുടർച്ചയായ പരാമർശങ്ങളും, തിരുസഭാ ജീവിതത്തിലെ സ്ത്രീകളുടെ സാക്ഷ്യംകൊണ്ട് ആവർത്തിച്ചു സ്ഥിരീകരിക്കപ്പെടുന്ന ക്രൈസ്തവ

പാരമ്പര്യത്തിന്റെ നൈരന്തര്യവും ഉൾച്ചേരുന്നതാണ് ഈ പ്രബോധനം. തിരുസഭയിലെ സ്ത്രൈണഘടകത്തെക്കുറിച്ച് എപ്പോഴും ശ്രദ്ധ ചെലുത്തിക്കൊണ്ട്, "നമ്മുടെ അമ്മമാരും മുത്തശ്ശിമാരും" എന്ന പദപ്രയോഗം ഫ്രാൻസീസ് മാർപാപ്പ പലവുരു ആവർത്തിക്കുന്നുണ്ട്.

ഈ പ്രബോധനത്തിലെ വിശുദ്ധ ഗ്രന്ഥത്തിനുപുറത്തുനിന്നുള്ള ആദ്യ ഉദ്ധരണി, ബെനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ പരമാചാര്യത്വത്തിന്റെ ഉദ്ഘാടനവേളയിൽ നൽകിയ സുവിശേഷപ്രഭാഷണമായിരുന്നു ബെനഡിക്ട് മാർപാപ്പ നൽകിയത്. വിശുദ്ധിയെന്നത്, തിരുസഭയിൽ ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ട വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സാക്ഷ്യംമാത്രമല്ല. ക്രൈസ്തവ ഐക്യത്തിനുവേണ്ടി ജീവൻ സമർപ്പിച്ച മരിയ ഗബ്രിയേല സഗ്ഗേദ്ദു എന്ന യുവതിയെ വർത്തമാനകാല വിശുദ്ധിയുടെ പ്രഥമമാതൃകയായി അവതരിപ്പിക്കുന്നതിൽനിന്നുതന്നെ ഇതു വ്യക്തമാണ്. ക്രൈസ്തവസമൂഹത്തിന്റെ പശ്ചാത്തലത്തിൽ, അനുദിനജീവിതത്തെ സംബന്ധിച്ചുള്ളതായ, 'പ്രവൃത്തിദിന' വിശുദ്ധിയെന്നു നിർവചിക്കാവുന്ന പ്രത്യേകവിശുദ്ധിയെ പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു എന്നതാണ് ഈ പ്രബോധനത്തിന്റെ ഒരു സവിശേഷത.

## നിരായുധരായ ജനങ്ങളെ കൂട്ടക്കൊല ചെയ്യുന്നതിനെ യാതൊന്നും ന്യായീകരിക്കുന്നില്ല

ദൈവകാരുണ്യത്തിന്റെ തിരുനാളായ ഏപ്രിൽ എട്ടാംതീയതി ഞായറാഴ്ച, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ പൂമുഖത്ത് ദിവ്യബലി അർപ്പിച്ചതിനുശേഷം, സമാപന ആശീർവാദം നൽകുന്നതിനുമുമ്പ്, വിശ്വാസീസമൂഹത്തോടൊത്ത് ഫ്രാൻസീസ് മാർപാപ്പ 'സ്വർല്ലോകരാജ്ഞീ' ജപം ചൊല്ലി. മരിയൻ പ്രഭണിതത്തിന്റെ അവസാനം, സിറിയയിൽ സമാധാനം പുലരുന്നതിനുവേണ്ടി പരിശുദ്ധ പിതാവ് വികാരനിർഭരമായ ആഹ്വാനം നൽകി. രണ്ടുദിവസങ്ങൾക്കുമുമ്പ് സിറിയൻ നഗരമായ ഡൗമയിൽ നഗരവാസികൾക്കുനേരെ നടന്ന രാസായുധപ്രയോഗത്തിൽ കുട്ടികൾ ഉൾപ്പെടെ എഴുപതോളം ആളുകൾ വധിക്കപ്പെടുകയും അഞ്ഞൂറോളംപേർക്ക് വിഷവസ്തു

ക്കൾ ഉള്ളിൽപ്രവേശിച്ചതുമൂലമുള്ള രോഗലക്ഷണങ്ങൾ ഉണ്ടാവുകയും ചെയ്തു. "നിരായുധരായ ആളുകളെയും ജനതകളെയും കൂട്ടക്കൊല ചെയ്യുന്നതിനുള്ള അത്തരം ആയുധങ്ങൾ പ്രയോഗിക്കുന്നതിനെ ഒരു രീതിയിലും ന്യായീകരിക്കാനാവില്ല" എന്ന് പരിശുദ്ധപിതാവ് പറഞ്ഞു. കൊല്ലപ്പെട്ടവർക്കും, മുറിവേറ്റവർക്കും, ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കണമെന്നും പരിശുദ്ധപിതാവ് ആവശ്യപ്പെട്ടു.